Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 17 Vol. 02 May 2024



സങ്കീർണ്ണമായ മനുഷ്യ മസ്തിഷ്കത്തിന്
സമാനമായവിധം വിവരങ്ങൾ
വിശകലനം ചെയ്യാൻ പര്യാപ്തമായ വിധം
യന്ത്രത്തെ സഹായിക്കുന്ന
സോഫ്റ്റ്‌വെയറുകളാണ് AI

# കെ.ജി.പി.എ. ജില്ലാ ഭാരവാഹികൾ 2024

## കാസർഗോഡ്



**ഷാജി കെ.**
പ്രസിഡന്റ്



**ഷബാന എം.**
സെക്രട്ടറി

## കണ്ണൂർ



**റജിൻ കെ. എം.**
പ്രസിഡന്റ്



**വിനോദ് കുമാർ പി.**
സെക്രട്ടറി

## വയനാട്



**ബിനോ പോൾ**
പ്രസിഡന്റ്



**അജീഷ് കെ. എ.**
സെക്രട്ടറി

## കോഴിക്കോട്



**ആദർശ് എൻ.വി.**
പ്രസിഡന്റ്



**ശ്രീലേഷ് പി.**
സെക്രട്ടറി

## മലപ്പുറം



**കിഷോർ പി.**
പ്രസിഡന്റ്



**ഷാജി വി**
സെക്രട്ടറി

## പാലക്കാട്



**ഡി.കെ. വിനോദ്**
പ്രസിഡന്റ്



**കെ. വി. രാജേഷ്**
സെക്രട്ടറി

## തൃശൂർ



**മനോജ് ടി. ജി.**
പ്രസിഡന്റ്



**സുനിൽ സി. ആർ.**
സെക്രട്ടറി

## എറണാകുളം



**സജീന അൽത്താഫ്**
പ്രസിഡന്റ്



**ബിജൽകുമാർ ബി.**
സെക്രട്ടറി

Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

**Book No. 17** **Vol. 02** **May 2024**

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. S. MANOJ KUMAR**

Editor:
**MANOJ T. G.**
E-mail: manojpmst@gmail.com
Ph: 9747594837

Editorial Board:
**ABHILASH JAYARAM**
**D. N. ANITHA**
**K. P. SAJEER**
**S. RAJESH KUMAR**
**K. T. SADANANDAN**
**SREEVIDYA K G.**
**SREELESH P.**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം

- എഡിറ്റോറിയൽ — 02
  മനോജ് ടി. ജി.
- ഒരു തിരഞ്ഞെടുപ്പ് കഥ — 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- ഫാർമാട്രിക്സ് - ശ്രീകുമാർ ആലപ്പുഴ — 04
- സംഘടനയും സോഷ്യൽ മീഡിയായും — 05
  മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി)
- ആർട്ടിഫിഷ്യൽ ഇന്റലിജൻസും ആരോഗ്യമേഖലയും — 07
  മുഹമ്മദ് ഷിനാസ് കെ.യു.
- ആരോഗ്യപ്രവർത്തകരും... ആരോഗ്യവും — 09
  കല വൈ. പവിത്രൻ
- പടിയിറങ്ങിയ സംസ്ഥാന നേതാക്കൾ — 11
  അഭിലാഷ് ജയറാം
- നിവേദനങ്ങൾ — 13
- രാത്രിയാത്ര - കഥ — 14
  ശ്രീനാ ഗോപാൽ
- പ്രണയം - കവിത — 16
  സംഗീത രാജേഷ്
- അഭിമാനപൂർവ്വം മുന്നോട്ട് — 17
  പ്രേമാനന്ദൻ. എം. കെ

www.kgpa.co.in



മനോജ് ടി. ജി.

എഡിറ്റർ

# എഡിറ്റോറിയൽ



**ലോ**കം നിയന്ത്രിക്കാൻ ശ്രമിക്കുന്ന പകർച്ചവ്യാധികളിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നതാണ് ക്ഷയരോഗം. ഈജിപ്തിലെ മമ്മികളിൽനിന്നുവരെ ഈ അണുബാധയുടെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ലോകത്ത് ഏറ്റവുമധികം മരണകാരണമാകുന്ന അസുഖവും ടി.ബി.യാണ്. ലോകത്ത് മൂന്നിൽ രണ്ടു ഭാഗം രോഗികളും ഇന്ത്യയുൾപ്പെടെയുള്ള ദരിദ്രരാജ്യങ്ങളിൽ നിന്നാണ്. അതിൽ ഇന്ത്യയാണ് മുന്നിൽ.

രാജ്യം ടി.ബി. യെ നിർമ്മാർജ്ജനം ചെയ്യാനുള്ള തീവ്രമായ പരിശ്രമത്തിലാണ്. RNTCP പോലുള്ള പദ്ധതികൾ പ്രഖ്യാപിച്ച് നാം അതിനായി കൈയും തലയും മുറുക്കി തയ്യാറെടുക്കുന്നതിനിടയിലാണ് ടി.ബി. രോഗികളെ നമ്മൾ തന്നെ ബുദ്ധിമുട്ടിക്കേണ്ട അവസ്ഥ വരുന്നത്. കൃത്യമായ രോഗനിർണ്ണയ ശൃംഖലയും, മരുന്ന് വിതരണ സംവിധാനവും നമുക്കുണ്ട്. പക്ഷെ മരുന്ന് കൃത്യമായി പലയിടത്തും ലഭിക്കുന്നില്ല എന്നത് ആരുടെ കൃത്യവിലോപമാണ്. ടി.ബി. രോഗികളെ സംരക്ഷിക്കാനും, രോഗം പറിച്ചെറിയാനും സർക്കാർ സംവിധാനങ്ങൾ എന്നും മുന്നിലാണ്. പക്ഷെ താൽക്കാലികമായിപോലും മരുന്ന് ലഭിക്കാത്ത അവസ്ഥ. മരുന്നിനായി കാത്തിരിക്കേണ്ട നിസ്സഹായത അവർക്ക് ഉണ്ടാവരുത്. പോഷകാഹാരവും ധനസഹായവും നമ്മൾ അവർക്ക് ഉറപ്പുവരുത്തുമ്പോഴും മരുന്ന് കൃത്യമായി, സമയബന്ധിതമായി ശേഖരിക്കുന്നതിൽ വന്ന വീഴ്ച ഗുരുതരമാണ്. ആരോഗ്യം കുറഞ്ഞവരും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമാണ് ഭൂരിഭാഗം രോഗികളും. തൊട്ടടുത്ത പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചെന്ന് ഒരു മാസത്തേക്കൊ, രണ്ടാഴ്ചത്തേക്കൊ ഉള്ള മരുന്നുകൾ വാങ്ങി കഴിച്ച് രോഗം സുഖപ്പെടുംവരെ കാത്തിരുന്നാണ് അവർ ജോലിക്ക് പോകുന്നതുപോലും, പുറമെ നിന്ന് വാങ്ങുമ്പോൾ വലിയ വില നൽകാൻ അവർക്ക് ആവുമോ? ആശ്രയം സർക്കാർ സംവിധാനം തന്നെയാവുമ്പോൾ അവിടെ സംഭവിക്കുന്ന ചെറിയ നോട്ടക്കുറവ് പോലും നമ്മുടെ ലക്ഷ്യങ്ങളെ പുറകോട്ട് നടത്തിക്കും.

# ഒരു തിരഞ്ഞെടുപ്പ് കഥ



സംസ്ഥാന പ്രസിഡന്റ്
**എസ്. വിജയകുമാർ**

**വീ**റും വാശിയും ഏറിയ ഫാർമസി കൗൺസിൽ ഇലക്ഷൻ നടന്നു. വർഗ്ഗതാൽപര്യങ്ങളേക്കാൾ രാഷ്ട്രീയവും ചർച്ചകളും മുഴച്ചു നിന്ന മറ്റൊരു തിരഞ്ഞെടുപ്പ്. കഴിഞ്ഞ രണ്ട് തവണയായി നമ്മൾ ഇത് കാണുന്നു.

ഫാർമസിസ്റ്റുകളുടെ ജോലിപരമായ നിലനിൽപ്പും പ്രൊഫഷന്റെ മുന്നോട്ടുപോക്കും അതിന്റെ ഗതി നിർണ്ണയിക്കേണ്ട ഭാവി നിലപാടുകളും രാഷ്ട്രീയത്തിൽ പൊതിഞ്ഞ് വേവിക്കാൻ പക്ഷെ ചിലർ കൂടുതൽ ഉത്സാഹം കാണിച്ചു.

ഒരു സ്വതന്ത്ര സ്റ്റാറ്റ്യൂട്ടറി ബോഡിയായി ഫാർമസി കൗൺസിൽ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. കുത്തകകളുടെ കൈയിൽനിന്ന് MNVG അടിയോടിയും കൂട്ടരും പിടിച്ചെടുത്ത കൗൺസിൽ ഇന്ന് രാഷ്ട്രീയ കുത്തകകൾക്ക് തീറെഴുതി നൽകേണ്ട ഗതികേടിലായി. രണ്ടറ്റത്തും രണ്ട് തരം നിലപാടുകൾ വന്നു. KGPA നേതൃത്വം കൊടുത്ത കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ മാത്രം കുറെ നാളുകൾ സ്വതന്ത്ര തീരുമാനങ്ങളും പുരോഗതികളുമായി മുന്നോട്ട് പോയി. അതായിരുന്നു ചിലർ കണ്ടെത്തിയ കുറ്റപത്രം.

ഇന്ത്യയിൽ ആദ്യമായി ഫാർമസി ഇൻസ്പെക്ടർ നിയമനം, നമ്മുടെ അഭിമാനമായ ഫാർമസി ഭവൻ, തുടർ വിദ്യാഭ്യാസ പരിപാടികളുടെ ശാസ്ത്രീയമായ മുന്നോട്ട് പോക്ക്, കമ്പ്യൂട്ടർ പരിശീലനം, കലോത്സവങ്ങൾ, വൈറ്റ്കോട്ട് സെറിമണി, ഹൈ സെക്യൂരിറ്റി സർട്ടിഫിക്കറ്റ്, വിതരണം അങ്ങനെ നിരവധി പരിഷ്കാരങ്ങൾ ഫാർമസിസ്റ്റുകളെ മുഖവിലയ്ക്കെടുത്ത് നമ്മൾ നടപ്പിലാക്കി. അതൊരു കാലം. വിയോജിപ്പുകളൊന്നുമില്ലാതെ ഏവരും ഓർത്തെടുക്കുന്ന സുവർണ്ണ കാലം! അന്ന് അതിനെ നയിച്ചവരെല്ലാം KGPA ഭാരവാഹികളോ, അനുഭാവികളോ ആയിരുന്നു.

ഫാർമസി ഇൻസ്പെക്ടർമാരെ നിഷ്പ്രഭരാക്കി സ്വകാര്യമേഖലയിലെ ഫാർമസികൾ ഏതു വിധേനയാണ് മുന്നോട്ട് പോവുന്നത്? കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ട ഡ്രഗ് ഇൻസ്പെക്ടർമാരുടെ നിരവധി ഒഴിവുകൾ നികത്താൻ എന്താണ് അമാന്തം? വ്യാജ ഫാർമസിസ്റ്റുകൾ പെറ്റുപെരുകുന്നു. ക്വാളിഫൈഡ് പേഴ്സൺ ഇല്ലാതെ മരുന്ന് കമ്പോളം തടിച്ച് കൊഴുക്കുന്നു.

ഫാർമസി നിയമങ്ങളുടെ അന്തഃസത്തയോട് കൂറും പ്രതിബദ്ധതയും ഏറ്റെടുക്കാൻ നമ്മൾ കാണിച്ച വൈഭവം എന്തുകൊണ്ടാണ് പുതിയ കൗൺസിൽ കാണാതെ പോവുന്നത്? രാഷ്ട്രീയത്തെ തൃപ്തിപ്പെടുത്തിക്കൊണ്ട് നിഷ്പക്ഷമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യം നമുക്ക് വരുത്തിവയ്ക്കുന്ന നഷ്ടം എത്രയാണ്?

രാഷ്ട്രീയ തലക്കെട്ടിനുള്ളിൽ ഇരിക്കുമ്പോൾ പലതും മറക്കേണ്ടിവരും, പൊറുക്കേണ്ടിവരും. പക്ഷെ ആത്യന്തികമായി ഒരു വർഗ്ഗത്തെ ഇല്ലായ്മ ചെയ്യുന്ന നിലപാടിലേക്ക് പതിയെ നമ്മെ യാത്രയാക്കുന്ന ഗതികേടിലേക്ക് അത് എത്തിക്കൂടാ...

പുതിയ കൗൺസിലിന് മുൻവിധിയില്ലാതെ പിന്തുണ നൽകുന്നു. സമഗ്രമായ മാറ്റങ്ങൾ, പരിഷ്കാരങ്ങൾ മാറിയ കാലത്തിന്റെ ചുവടുകളോട്

ചേർന്ന് നടക്കുക. വെല്ലുവിളികളെ പരിചയത്തോടെ നേരിടുക. എല്ലാം പ്രതീക്ഷകളാണ്.

കേന്ദ്രം പുതിയ ഫാർമസി ബിൽ കൊണ്ടുവരുന്നു. ആരെക്കാളും മുന്നെ പുതിയ സംഭവങ്ങളോട് കൗൺസിൽ ക്രിയാത്മകമായി പ്രതികരിക്കേണ്ടതുണ്ട്. അപ്രത്യക്ഷമാവും മുമ്പെ അൽപം മുന്നോട്ട് നോക്കേണ്ടതുണ്ട്. മരുന്ന് കമ്പോളത്തിന്റെ ലോക തലസ്ഥാനത്ത് കുറ്റമറ്റ ഒരു ഫാർമസി ബിൽ അനിവാര്യമാണ്. കരട് വന്നതിനെ പഠിച്ച് വിലയിരുത്തി എല്ലാ സംഘടനകളെയും കേട്ട് മനസ്സിലാക്കി ഭേദഗതികൾ അവതരിപ്പിക്കാൻ ഒറ്റക്കെട്ടായി നിലനിൽക്കാൻ നേതൃത്വം കൊടുക്കേണ്ടത് ഫാർമസി കൗൺസിൽ കേരളയായിരുന്നു.

എല്ലാ പരിഷ്കാരങ്ങളെയും നിറഞ്ഞ മനസ്സോടെ സ്വീകരിക്കുമ്പോഴും വ്യാജൻമാരെയും, വിചിത്ര ചിന്താഗതിക്കാരെയും പടിക്ക് പുറത്ത് നിർത്തണം. ഫാം.ഡി ഉൾപ്പെടെ പഠിച്ചിറങ്ങിയവർക്ക് മികച്ച തൊഴിൽ അവസരം ഉണ്ടാവട്ടെ. അതിവേഗം മാറ്റങ്ങൾ വരുന്ന മരുന്ന് ഗവേഷണ രംഗത്ത് മികച്ച സംഭാവന നൽകുന്നവർ ആയി ഫാർമസിസ്റ്റുകൾ മാറണം. 24 മണിക്കൂറും മരുന്നുകൾ ഫാർമസിസ്റ്റുകളുടെ സൂപ്പർ വിഷനിൽ മാത്രം സാധാരണക്കാർക്ക് ലഭിക്കാൻ ഇടവരണം. പ്രത്യേകിച്ച് പ്രൈവറ്റ് മേഖലയിൽ. അതിനുള്ള കർശന നിയമങ്ങളാണ് രാജ്യത്ത് വേണ്ടത്.

സിലബസ് പരിഷ്കരണങ്ങൾ, പ്രാഥമിക ചികിത്സാ നൈപുണ്യം, ഇൻജക്ഷൻ നൽകുന്നതിനുള്ള പരിചയം എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഇപ്പോൾ നമ്മെ ഒഴിവാക്കുന്ന പല മേഖലയിലും നമുക്ക് സാന്നിദ്ധ്യം ഉറപ്പിക്കാൻ സാധിക്കും. അതുവഴി കൂടുതൽ പൊതു സ്വീകാര്യത ഉള്ള ഒരു പ്രൊഫഷണൽ വർഗ്ഗമായി ഫാർമസിസ്റ്റുകൾ മാറും, അറിയപ്പെടും.

## ഫാർമാട്രിക്സ്

**ശ്രീകുമാർ ആലപ്പുഴ**





# സംഘടനയും സോഷ്യൽ മീഡിയയും

**മനോജ്കുമാർ എം.എസ്.**
ജനറൽ സെക്രട്ടറി



സംഘടനാവേദികളിൽ ഉന്നയിക്കാത്ത ചോദ്യങ്ങൾ സ്വന്തം ചുമരുകളുടെ സ്വാതന്ത്ര്യത്തിൽ ഇരുന്ന് എഴുതി സോഷ്യൽ മീഡിയയിൽ സംതൃപ്തി തേടുന്നവരാണ് ചില ഫാർമസിസ്റ്റ് സംഘടനാ പ്രവർത്തകർ എങ്കിലും.

ഒരിക്കലും സംഘടനാവേദിയിലോ, മീറ്റിംഗുകളിലോ, സമ്മേളന ഹാളിലോ പങ്കെടുക്കാതെ ദൈനംദിന സംഘടനാ പ്രവർത്തനങ്ങളുടെ പരിമിതികൾക്ക് ഉള്ളിൽ പ്രവേശിക്കാതെ സ്വന്തം മനോഗതം പുറംലോകം അറിയണം എന്ന നിലപാടാണ് ഇവർ പുലർത്തുന്നത്... മുഖമില്ലാത്ത ഒരു മുഖംമൂടി ആക്രമണം.

സംഘടനാ പ്രവർത്തനം എന്നത് കേരളത്തിൽ പ്രത്യേകിച്ചും എളുപ്പമല്ല. ഒരു പ്രവൃത്തിയിലെ വൈരാഗ്യങ്ങളെ, വിമർശനങ്ങളെ, നടപടികളെ പ്രത്യേകിച്ച് എല്ലാവരും നോക്കുന്ന സൂക്ഷ്മമായ രാഷ്ട്രീയ നോട്ടങ്ങളെ അവഗണിച്ചുമാണ് ഒരു കാറ്റഗറി സംഘടനാ പ്രവർത്തനം മുന്നോട്ട് പോവുന്നത്.

നമുക്കിടയിൽ തന്നെയുള്ള വർഗ്ഗശത്രുക്കളുടെ ഒറ്റുകളെ പേടിച്ചും, ഒരുപക്ഷെ അവഗണിച്ചും മറ്റു ചിലപ്പോൾ പ്രതികാര രാഷ്ട്രീയത്തിന്റെ നിമ്നോന്നതങ്ങളിൽ ഒറ്റക്കായിപ്പോവും എന്ന തീർച്ചകളിൽ പടവെട്ടിയും ആണ് നമുക്ക് മുന്നോട്ട് പോവേണ്ടത്.

തകർക്കുക എന്ന ഏക അജണ്ടയുമായി മുന്നോട്ട് പോവുന്നവർക്ക് മുന്നിൽ മുട്ട് മടക്കാതെ നിൽക്കുക എന്നതും ഒരു സംഘടനാ പ്രവർത്തനം തന്നെയാണ്.

ഒരു പാട്ടിന് കൂടെ പാടിയില്ലെങ്കിൽ തീർന്നു പോവുന്നത് ആകരുത് ഒരു രാഷ്ട്രീയ സംഘടനാബോദ്ധ്യം. പക്ഷെ കാലം ആവശ്യപ്പെടുന്നത് കീഴടങ്ങലാണ്. വിമർശനങ്ങളെ പേടിക്കുന്ന ഒരു കാലത്താണ് നാം ജനാധിപത്യത്തെ ബലപ്പെടുത്താൻ ഇറങ്ങുന്നത്. നിഷേധങ്ങളുടെ പരമ്പരകൾ നമുക്ക് മുന്നിൽ നാടകം പോലെ നടമാടുമ്പോൾ പ്രതികരണം മുഖം നോക്കി നടത്തണം എന്ന് ശഠിക്കുന്നത് എത്ര അരോചകരമാണ്.

സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ട് പിന്നിടുമ്പോഴും പ്രീതിപ്പെടുത്തലുകളുടെ പലകകൾ ആണിയടിച്ച് സൂക്ഷിക്കുക എന്നത് ശീലമായി പോവുന്നു പലതിനും.

കെ ജി പി എ ഒരു കക്ഷികളുടെയും സംഘടനാ കൊടികളെ നിഷേധിക്കുന്നില്ല. ഒരാളുടെയും വിശ്വാസങ്ങളെ തട്ടിയകറ്റുന്നില്ല. നേരിന്റെ വഴിയിൽ കണ്ടത് വിളിച്ചുപറഞ്ഞ് സ്വന്തം അദ്ധ്വാന ഭാരം ലഘൂകരിക്കാൻ ശ്രമിക്കണം നമ്മൾ. ഒപ്പം

മറ്റുള്ളവർക്ക് നന്മ ആഗ്രഹിക്കണം. ആത്യന്തിക മായി രോഗികൾ ഗവ. ആശുപത്രിയിൽ വന്ന് നിറ യണം എന്ന് ആഗ്രഹിക്കുന്നു. മനസ്സിന്റെ കോണിൽ നമുക്കും പരിഭവങ്ങൾ ഉണ്ട്. അത് വിളിച്ച് പറയാൻ സ്വാതന്ത്ര്യം ഭരണഘടന നൽകി യിട്ടുണ്ട്. അതിൽ ഇടിവാളുകൾ പെയ്യിച്ചുകൊണ്ട് പേടിപ്പിക്കാൻ വരുന്നവർക്ക് കാലം മറുപടി നൽകട്ടെ.

ഒരു സംഘടനാ വർഷം കൂടി പിന്നിടുന്നു. വലിയ നേട്ടങ്ങൾ മുന്നിൽ വെക്കാനില്ല. പക്ഷെ അഭിസംബോധന ചെയ്തിട്ടുണ്ട് എല്ലാത്തിനെ യും. എല്ലാ ഭീഷണികളെയും തിരിച്ചറിഞ്ഞിട്ടു ണ്ട്. പുതിയ ഫാർമസി ബിൽ വരുന്നു. ജാഗ്രത പുലർത്തുന്നുണ്ട്. ഉച്ചഭക്ഷണസമയം പലർക്കും പ്രശ്നമാണ്. ഇടപെടാൻ ശ്രമിച്ചിട്ടുമുണ്ട്.

പഞ്ചായത്ത് പദ്ധതികളിൽ നിയന്ത്രണങ്ങൾ വരുന്നു. ശരിയല്ല എന്നും ആത്യന്തികമായി പൊതുജനം തന്നെ കഷ്ടപ്പെടും എന്നും ഉണർത്താൻ ശ്രമിച്ചു. മരുന്നുകൾ ലഭ്യമല്ല, വാഹനം ഇല്ല, ലോക്കൽ പർച്ചേസുകൾക്ക് മാന ദണ്ഡം വരുന്നു. ജനങ്ങളുടെ കോപത്തിന് മുന്നിൽനിന്ന് കൊഴുക്കേണ്ട ഫാർമസിസ്റ്റുകളുടെ മനസ്സ് വായിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഒരേസമയം സംഘടന സാധാരണക്കാർക്ക് ഒപ്പവും സാദാ ഫാർമസിസ്റ്റുകളുടെ വികാരത്തിന് ഒപ്പവും നട ക്കുന്നു.

കോടതി അഭയമാണ് പലപ്പോഴും. ഉത്തര വുകൾക്ക് മാനുഷിക മുഖങ്ങൾ വേണം എന്ന് പലരും പറയുന്നു. നമ്മുടെ മുഖങ്ങൾ, അതിലെ നിരാശ, നിസ്സഹായത, ഒരുവേള കണ്ണുനീർ... ഇതാര് കാണും? തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട് നമ്മൾ നൽകിയ പല കേസുകളും കോടതി നടപടികളിൽ നീണ്ടുപോവുകയാണ്. ഇന്നത്തെ നീതികൾ നീട്ടിവയ്ക്കുമ്പോൾ അത് നമ്മുടെ ആരോഗ്യത്തെപ്പോലും, അവസ്ഥയെ പ്പോലും ബാധിക്കുന്നുണ്ട്...

സംഘടനാ തലപ്പത്ത് നിന്ന് ഈ വർഷ ത്തിലും ഇനിയുള്ള വർഷങ്ങളിലും കഴിവും ആത്മാർത്ഥതയുമുള്ള നിരവധിപേർ പിരിയുക യാണ്... പുതിയ ചെറുപ്പക്കാരും, ചെറുപ്പക്കാരി കളും സംഘബോധത്തോടെ നാളെകളിൽ കെ. ജി.പി.എ യെ നയിക്കാൻ ഉയർന്നുവരണം... ഇന്നത്തെ നേട്ടങ്ങൾ ഇന്നലെകളിലെ വിയർപ്പും, മുദ്രാവാക്യങ്ങളും ആയിരുന്നു എന്ന് തിരിച്ചറി യണം... ഭാവനാസമ്പന്നമായ മനസ്സുകളും... പത റാതെ പൊരുതാൻ ആർജ്ജവവും ഉള്ള ഒരു തല മുറയെ സംഘടനാ പ്രവർത്തനത്തിൽ നമ്മൾ വാർത്തെടുക്കേണ്ടതുണ്ട്. യുവജനങ്ങൾ നിരവ ധിപേർ രാഷ്ട്രീയത്തിലും മറ്റ് പൊതുസംഘട നകളിലും ഉയർന്നുവരുന്നുണ്ട്. കാറ്റഗറി മേഖല യിലും കഴിവ് തെളിയിച്ച് അവർ കടന്നുവരേണ്ട സമയം ഒരുപക്ഷെ ഇതാണ്.



# ആർട്ടിഫിഷ്യൽ ഇന്റലിജൻസും ആരോഗ്യമേഖലയും





**മുഹമ്മദ് ഷിനാസ് കെ.യു.**
ഫാർമസിസ്റ്റ്,
ജില്ല ടി.ബി. സെന്റർ, തൃശൂർ

**ആ**ർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കടന്നുവരവ് സാവധാനത്തിൽ മാത്രം എത്തിനോക്കിയ ഒരു മേഖലയാണ് ആരോഗ്യ വിഭാഗം. 1950 കൾ മുതൽ AI എന്നതിനെ പറ്റിയൊക്കെ ചർച്ചകൾ നടക്കുന്നുണ്ട് എങ്കിലും, 2000 മുതലൊക്കെയാണ് കൂടുതൽ ഗവേഷണങ്ങൾ ഇതിൽ നടക്കാൻ തുടങ്ങിയത്. കൂടാതെ 2020 ആയപ്പോഴേക്കും പല മേഖലകളിലും മനുഷ്യനെ കവച്ചുവച്ച് AI നിയന്ത്രിക്കുന്ന സംവിധാനങ്ങൾ എത്തിക്കഴിഞ്ഞു.

സങ്കീർണ്ണമായ അൽഗോരിതങ്ങൾ ഉപയോഗിച്ച് വിശദമായ ഡാറ്റകളുടെ സഹായത്തോടെ വിശകലനങ്ങൾ, വിലയിരുത്തലുകൾ നടത്താൻ സാധിക്കും എന്ന് വന്നതോടെ ക്ലിനിക്കൽ പ്രാക്ടീസിലും, രോഗനിർണ്ണയത്തിലും AI കടന്നുവന്നു. റോബോട്ടിക് സർജറി ഇന്ന് നമ്മുടെ സംസ്ഥാനത്തെ പല സ്ഥാപനങ്ങളിലും ആയി. റോബോട്ടിക് ഫാർമസിയും അതിവിദൂരമല്ല എന്ന് നമുക്ക് അറിയാം. കൂടുതൽ മുന്നേറ്റങ്ങൾ പ്രത്യേകിച്ച്, കാൻസർ നിർണ്ണയത്തിനും, തലച്ചോർ സംബന്ധമായ അസുഖങ്ങൾക്കും, ഹാർട്ട് ഡിസീസിനും ഉണ്ടാവും. പതിറ്റാണ്ടുകൾക്ക് മുൻപേ തന്നെ വരാൻപോകുന്ന അസുഖങ്ങളെപ്പറ്റി നമുക്ക് അറിവു നൽകുന്ന ഒരു കാലമാണ് ഇനി വരാൻപോകുന്നത്. വയസ്സായ ഒരു തലമുറയെ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ നമുക്ക് AI ഉപയോഗപ്പെടുത്തി സാധിക്കും എന്ന് മാത്രമല്ല, പലർക്കും രോഗത്തെ തടഞ്ഞ് മെച്ചപ്പെട്ട ജീവിതസായാഹ്നം വേദനകളോ ബുദ്ധിമുട്ടുകളോ ഇല്ലാതെ നീട്ടിക്കൊണ്ടുപോവാനും സാധിക്കും എന്നത് അത്ര നിസ്സാരമല്ല.

ഓരോ രാജ്യത്തും ഇത്തരം ഗവേഷണങ്ങൾ വേണം. ഭൂപ്രകൃതി, കാലം, കാലാവസ്ഥ, വംശം എന്നിവ അനുസരിച്ച് മനുഷ്യരുടെ രോഗാവസ്ഥ മാറിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ സമൂഹത്തെ വച്ച് രോഗനിർണ്ണയം നടത്താൻ നമ്മൾ ഇവിടുത്തെ ഡാറ്റ തന്നെ ഉപയോഗിക്കണം. ഇന്ത്യപോലുള്ള ഇത്രയും ജനസംഖ്യ ഉള്ള ഒരു രാജ്യത്ത് ഡാറ്റ കളക്ഷൻ തന്നെ വലിയ ടാസ്ക് ആണ്.



ഫ്യൂച്ചർ ഹെൽത്ത് കെയർ എന്ന ഒരു പുതിയ ക്ലിനിക്കൽ ശാഖ തന്നെ വൈദ്യശാസ്ത്ര പഠനരംഗത്തേക്ക് പുതിയതായി കടന്നുവരുന്നു. സങ്കീർണ്ണമായ മനുഷ്യ മസ്തിഷ്കത്തിന് സമാനമായവിധം വിവരങ്ങൾ വിശകലനം ചെയ്യാൻ പര്യാപ്തമായ വിധം യന്ത്രത്തെ സഹായിക്കുന്ന സോഫ്റ്റ്വെയറുകളാണ് AI. എത്രത്തോളം വിശദമായ വിവരങ്ങൾ യന്ത്രത്തിന് നൽകുന്നുവോ അത്രത്തോളം മികച്ച വിശകലനം പുറത്ത് വരും എന്നർത്ഥം. അതായത് കാലങ്ങൾ കഴിയും തോറും കൂടുതൽ കൃത്യതയോടെ ആരോഗ്യമേഖല അടിമുടി മാറും എന്നർത്ഥം.

ഇപ്പോൾത്തന്നെ ചികിത്സാനിർണ്ണയ ഉപകരണങ്ങൾ AI സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്കാനിംഗ് മെഷീൻ, ICU എന്നിവിടങ്ങളിൽ AI ഉപയോഗപ്പെടുത്തി പുതിയ മെഷീനുകൾ രൂപകൽപന ചെയ്യുന്നു. നിലവിൽ AI ഏറ്റവും അധികം ഉപയോഗിക്കുന്ന മേഖല റേഡിയോളജി ആണെന്ന് പറയാം.

കാൻസർ, ഡയബറ്റിക്, അൽഷിമേഴ്സ് തുടങ്ങിയ രോഗങ്ങൾ ഒരു പരിധിവരെ പാരമ്പര്യമായി വരുന്നതാണ് എന്നാണ് പറയുന്നത്. മികച്ച രോഗനിർണ്ണയം കാലെകൂട്ടി സാധിക്കുമെങ്കിൽ അതായിരിക്കും ഏറ്റവും വലിയ വിപ്ലവം. രോഗസങ്കീർണ്ണതകളിലേക്ക് കടക്കാതെ ഏതാനും മരുന്നുകൾ മാത്രം ഉപയോഗപ്പെടുത്തി അസുഖങ്ങൾ നിയന്ത്രിക്കാനും, കൂടുതൽ തുക, ആശുപത്രിവാസം എന്നിവ വേണ്ട സർജറി പോലുള്ളവ ഒഴിവാക്കാനും സാധിക്കും.

കോവിഡ് പോലുള്ള മഹാമാരികൾ ഇനിയും ഒരുപക്ഷെ ലോകത്ത് ആവർത്തിക്കപ്പെട്ടാൽ AI പോലുള്ള സാങ്കേതികവിദ്യ വച്ച് മരണങ്ങൾ ഒരുപക്ഷെ ഒഴിവാക്കാൻ നമുക്ക് സാധിക്കും. പകർച്ചവ്യാധി നിയന്ത്രണ പരിപാടികളിലും, പൊതുജന ആരോഗ്യരംഗത്ത് AI ഒരു മികച്ച ഫലം തരുന്നുവെങ്കിൽ ഭാവിയിൽ രോഗീബാഹുല്യം ആശുപത്രികളിൽ കുറയ്ക്കാനും മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനും സാധിക്കും.

കുടുംബാരോഗ്യകേന്ദ്രങ്ങളുടെ ആശയം തന്നെ അസുഖങ്ങൾ കുടുംബത്തിന്റെ സാമ്പത്തികഭദ്രതയെ തകർക്കരുത് എന്നതായിരുന്നു. ICU വിൽ കിടക്കുന്ന രോഗിക്ക് കിട്ടുന്ന പരിഗണന AI മുഖേന സാധാരണ ബെഡ്ഡിലും ലഭിക്കും എന്നത് ഗുണപരമായ മാറ്റമായിരിക്കും. ഇ-ഹെൽത്ത്, ഇ-സഞ്ജീവനി വഴിയൊക്കെ AI ഉപയോഗപ്പെടുത്തി സേവനം ലഭ്യമാവുമ്പോൾ രോഗിക്ക് ഡോക്ടറുടെ അടുത്ത് ചെല്ലാതെ തന്നെ ആരോഗ്യം ഉറപ്പാക്കാനാവും.

കൂടുതൽ നിയമങ്ങൾ ഇതിന്റെ ഉപയോഗത്തെപ്പറ്റിയും, പരിപാലനത്തെപ്പറ്റിയും ഒക്കെ ഉണ്ടാവണം. ഒരുപക്ഷെ ഈ ആശയം പ്രാഥമിക ദശ പിന്നിട്ടില്ല എന്നും പറയാം. മനുഷ്യന്റെ പുരോഗതിക്കായി കൊണ്ടുവന്ന AI യെ അതിന്റെ ഉപജ്ഞാതാക്കൾ തന്നെ തള്ളിപ്പറയുന്ന സ്ഥിതി ഉണ്ട്. ഏറ്റവും പുതിയ കണ്ടുപിടുത്തത്തെ രണ്ടു കൈയും നീട്ടി സ്വീകരിക്കുന്നതിനോടൊപ്പം ഭാവിയിൽ കരുതലിനായി കൂടുതൽ നിയമങ്ങളും ഉണ്ടാവണം.

രസകരമായ കാര്യം എന്താണെന്നു വച്ചാൽ, ചികിത്സയിലോ, രോഗനിർണ്ണയത്തിലോ പിഴവ് സംഭവിച്ചാൽ നാം ആർക്കെതിരെ കേസിനു പോവും എന്നതായിരിക്കും. ഓരോ കമ്പനിക്കാരും പല പേരിൽ AI ഉപകരണങ്ങൾ മികച്ച പരസ്യത്തോടെ പുറത്തിറക്കുമ്പോൾ പല ചോദ്യങ്ങളും ബാക്കിയാണ്. ഒരു സമൂഹത്തെപ്പറ്റിയുള്ള ഡാറ്റാകൈമാറ്റം എന്നത് വിലപിടിപ്പുള്ള സേവനമായി മാറും. AI എന്നത് മികച്ച വിശദമായ ഡാറ്റയെ അടിസ്ഥാനമാക്കിയാവുമ്പോൾ പ്രത്യേകിച്ചും, സുരക്ഷിതമായ ഡാറ്റകളുടെ സംരക്ഷണവും ഒരു പ്രശ്നമാണ്. അതിനെയും സംരക്ഷിക്കാൻ മറ്റൊരു AI സംവിധാനം തന്നെ വേണ്ടിവരും.





**കല വൈ. പവിത്രൻ**
കെ.ജി.പി.എ.
സംസ്ഥാന കമ്മിറ്റി അംഗം

# ആരോഗ്യ പ്രവർത്തകരും... ആരോഗ്യവും

**പൊ**തുമേഖലയിലെ ഫാർമസിസ്റ്റുകൾ അനുഭവിക്കുന്ന മാനസിക സംഘർഷം ചെറുതല്ല. വലിയ പുരോഗതിയും, മാറ്റങ്ങളും, അടിസ്ഥാനവികസനവും വന്നെങ്കിലും അത് നേരിടാൻ പര്യാപ്തമായ ജീവനക്കാർ നമുക്കിടയിൽ ഇല്ല. കെ ജി പി എ യുടെ എല്ലാ തലത്തിലെ സമ്മേളനങ്ങളിലും ഉയർന്നുവരുന്ന ആവശ്യങ്ങളും മാൻപവർ വർദ്ധന തന്നെയാണ്.

രോഗീസൗഹാർദമായ സർക്കാർ ആശുപത്രികൾ എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് കുടുംബാരോഗ്യകേന്ദ്രങ്ങൾ ഉയർന്നുവന്നു. പക്ഷെ ആർദ്രം മിഷൻ ലക്ഷ്യം കണ്ടുവോ എന്ന ചോദ്യം ഉയർന്നുനിൽക്കുന്നു. സ്ഥാപനങ്ങളുടെ സമയക്രമം രാവിലെ 9 മുതൽ 6 വരെ ആക്കിയെങ്കിലും... അതിനനുസരിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കപ്പെടാതെ പോയി. അതിലും അവഗണന നേരിട്ടത് ഫാർമസിസ്റ്റുകൾക്കാണ്.

ലോകരാഷ്ട്രങ്ങൾക്കിടയിൽ രാജ്യം ഫാർമസിയുടെ ഹബ്ബ് എന്നാണ് അറിയപ്പെടുന്നത്... ആരോഗ്യമേഖലയിലെ ഫാർമസി വിഭാഗത്തിൽ അതിനനുസരിച്ച് പരിഷ്കരണം വന്നിട്ടില്ല. സ്ഥിരം ജീവനക്കാരെ നിയമിച്ചെങ്കിലേ ജോലി ഉത്തരവാദിത്വങ്ങൾ പങ്കുവയ്ക്കാൻ സാധിക്കൂ എന്നിരിക്കെ, താൽക്കാലികക്കാരെ നിയമിച്ച് ഒരു വിധം മുടന്തി നീങ്ങിക്കൊണ്ടിരുന്ന ഫാർമസി വിഭാഗത്തിലാണ് പുതിയ വെല്ലുവിളിയായ LSGD ഉത്തരവ് വന്നത്. അതനുസരിച്ച് ഒരു FHC യിൽ LSGD വഴി ഒരു പാരാമെഡിക്കൽ ജീവനക്കാരൻ മതി എന്ന് നിഷ്കർഷിക്കപ്പെട്ടു. അത് തീരുമാനിക്കാൻ മെഡിക്കൽ ആഫീസർക്ക് ആകും എന്നിരിക്കെ വരുമാനവർദ്ധനവ് മാത്രം നോക്കി അത് പലയിടത്തും Lab Tech എന്ന തസ്തികയ്ക്ക് അനുവദിക്കപ്പെട്ടു. അതോടെ ഒരാൾ മാത്രമായി മരുന്ന് കൂമ്പാരത്തിലേക്ക് കൂപ്പുകുത്തിയ ഫാർമസിസ്റ്റിന് ജോലിഭാരം ഏറി. നല്ലൊരു സ്റ്റോർ കസ്റ്റോഡിയൻ എന്ന നിലയിൽ നിന്ന് ഫാർമസിസ്റ്റ് ഡിസ്പെൻസിംഗ് ടേബിളിലേക്ക് മാത്രം തളയ്ക്കപ്പെട്ടു. എല്ലാ വിഭാഗത്തിലും മരുന്ന് ഉപകരണങ്ങളും, മരുന്നുകളും വിവിധ ദേശീയ പദ്ധതികളിലെ പണികൾക്കും ഒരാൾ മാത്രം എന്ന ദയനീയ അവസ്ഥയിൽ പല സ്ഥാപനങ്ങളും കടന്നുപോവുന്നു.

LSGD പദ്ധതികൾ സ്ഥാപനങ്ങളിൽ വിപുലപ്പെട്ടിട്ടുണ്ട്. RNTCD, NCD, FPLMIS, ലോക്കൽ പർച്ചേസ്, പാലിയേറ്റീവ് പദ്ധതി, NDD വർദ്ധിപ്പിക്കപ്പെട്ട Fin-Cap. തുടങ്ങിയവയ്ക്ക് മാത്രം ഒരാൾ വേണം എന്നിരിക്കെയാണ് 250 പേർക്ക് മരുന്ന് ഡിസ്പെൻസ് ചെയ്ത് വൈകിട്ട് തളർന്ന് വീഴുന്നവന്റെ മുന്നിൽ സ്റ്റോർ എന്ന കടമ്പ ഭീകരനായി നിൽക്കുന്നത്... കൂടാതെ പുതിയതായി വന്ന AMR, റിപ്പോർട്ട്, HMIS, കണ്ടെംനേഷൻ ചുമതലകളും നമ്മൾ വഹിക്കണം.

ഇതുമൂലം ഒട്ടനവധി ഫാർമസിസ്റ്റുകൾ മാനസികമായി തകർന്നിരിക്കുന്നു. ഇത് പിന്നീട് കുടുംബജീവിതത്തിലെ താളപ്പിഴകളിലേക്കും നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. സാമൂഹികമായും നമ്മൾ ഒറ്റപ്പെട്ട് പോവുന്ന അവസ്ഥ ഉണ്ടാവുന്നുണ്ട്. സ്ഥാപനങ്ങളിലെ പല പരിപാടികൾക്ക് പോലും പങ്കെടുക്കാൻ സാധിക്കാത്ത ദുരവസ്ഥ നേരിടുന്നു നമ്മളിൽ പലരും.

മെച്ചപ്പെട്ട സേവനം രോഗികൾക്ക് നൽകണമെങ്കിൽ ശാരീരികവും മാനസികവുമായ ഒരു മനസ്സ് ഏത് ജീവനക്കാർക്കും വേണം. മരുന്നില്ലായ്മ കൊണ്ട് ബഹുജനരോഷത്തിനും ഇതിനിടയിൽ നാം വിധേയരാവുന്നു.

ഇത്രയും ജീവനക്കാർക്ക് അപര്യാപ്തത ഉള്ളപ്പോഴും എല്ലാ ജില്ലകളിലും നിരവധി ഒഴിവുകൾ നോക്കുകുത്തിയായി നിൽക്കുന്നു. SC/ST, Handicapped വിഭാഗത്തിൽ സ്പെഷ്യൽ നിയമനങ്ങൾ നടക്കുന്നില്ല. ഇത് യഥാർത്ഥ കണക്കിൽ പരിശോധിച്ച് നടപടിക്രമങ്ങൾ വേഗത്തിൽ ആക്കേണ്ടതുണ്ട്. ഡെപ്യൂട്ടേഷൻ നിയമനങ്ങൾ നമ്മെ കൂടുതൽ സമ്മർദ്ദത്തിൽ എത്തിക്കുന്നു... ഒരു സമയം രണ്ട് സ്ഥാപനങ്ങൾ ഇന്നത്തെ പരിതഃസ്ഥിതിയിൽ നടത്തിക്കൊണ്ടുപോവാൻ അസാമാന്യ വൈഭവം ആവശ്യമാണ്... അതിലും ഇര നമ്മൾ തന്നെ.

സുരക്ഷിതത്വ പ്രശ്നവും നമ്മൾ നേരിടുന്നുണ്ട്... Night Duty ചെയ്യുന്നിടത്ത് സ്വകാര്യത ഉറപ്പുവരുത്താൻ Toilet സൗകര്യം പല സ്ഥാപനങ്ങളിലും ഇല്ല. ഭൂരിഭാഗവും സ്ത്രീജീവനക്കാരാണ് ഇന്ന് പല സ്ഥാപനങ്ങളിലും എന്നിരിക്കെ ചെറിയ മക്കളുമായി പോലും സ്ഥാപനത്തിൽ ജോലിക്ക് എത്തി വൈകിട്ട് മാത്രം വീട്ടിലേക്ക് പോവുന്ന അവസ്ഥയിൽ സ്ഥാപനത്തിൽത്തന്നെ ക്രഷ് സൗകര്യം നമുക്ക് ആവശ്യമാണ്. സ്ത്രീജീവനക്കാർ ഏറെയുള്ള നമ്മുടെ സർക്കാർ-സ്വകാര്യ മേഖലകളിൽ എത്രയിടത്ത് മേൽപറഞ്ഞ സൗകര്യം ഉണ്ട് എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

2013 ൽ തൊഴിലിടങ്ങളിലെ സ്ത്രീജീവനക്കാരുടെ സുരക്ഷക്കായി സർക്കാർ പുതിയ നിയമങ്ങൾ കൊണ്ടുവന്നെങ്കിലും സ്ഥാപനങ്ങളിൽ എത്രത്തോളം കാര്യക്ഷമതയോടെ ഇത് നടപ്പാക്കുന്നുണ്ട്?

പുതിയതായി സർവ്വീസിൽ വരുന്ന ജീവനക്കാർക്ക് ആവശ്യമായ ഡ്യൂട്ടീസ് & റെസ്പോൺസിബിലിറ്റിയെക്കുറിച്ചും, സ്റ്റോർ മാനേജ്മെന്റ്, കണ്ടെംനേഷൻ തുടങ്ങി ദൈനംദിനകാര്യങ്ങളെ പറ്റിയും വലിയ ധാരണ ഒന്നും ഇല്ല. ഒപ്പം സർവ്വീസ് നിയമങ്ങൾ, പെരുമാറ്റചട്ടങ്ങൾ, സേവന-വേതന വ്യവസ്ഥകൾ കൂടാതെ മരുന്ന് കൈമാറ്റം, ബാധ്യത ഒഴിവാക്കൽ തുടങ്ങി പല കാര്യങ്ങളെപ്പറ്റിയും ചർച്ച ചെയ്യുന്ന വേദിയായിരുന്നു നമുക്ക് നഷ്ടപ്പെട്ട മാസ അവലോകനയോഗങ്ങൾ. ജോലി സമ്മർദ്ദം ചർച്ച ചെയ്യാനും പല സീനിയേഴ്സിന്റെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മനസ്സിലാക്കാനും... ഒരു വേള തന്റെ തന്നെ ദയനീയാവസ്ഥ ജില്ലാ അധികാരികൾക്ക് മുന്നിൽ എഴുന്നേറ്റ് നിന്ന് ബോദ്ധ്യപ്പെടുത്താനും ഈ ദിവസം നമ്മൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സംഘടന വഴി നിരവധി തവണ മീറ്റിംഗ് പുനഃസ്ഥാപിച്ച് തരണമെന്ന് ആവശ്യപ്പെട്ടിട്ടും മരുന്ന് കൈമാറ്റം ഉൾപ്പെടെയുള്ളവ ചൂണ്ടിക്കാണിച്ചിട്ടും ഇതേവരെ ഒരു തീരുമാനവും ആയിട്ടില്ല.

കാലാനുസൃതമായ മാറ്റങ്ങൾ, വ്യക്തികളിലൂടെ, സംഘടനാ പ്രവർത്തനങ്ങളിലൂടെ അധികാരികളിലേക്ക് ഇനിയും എത്തിച്ചേർന്ന് മികച്ച ഒരു സ്ത്രീസൗഹാർദവും, മാനുഷിക നിലവാരം ഉയർന്നതുമായ ഒരു ഫാർമസി സർവ്വീസ് നമുക്ക് ആശിക്കാം.

# പടിയിറങ്ങിയ
# സംസ്ഥാന നേതാക്കൾ

**അഭിലാഷ് ജയറാം**
സംസ്ഥാന സെക്രട്ടറി

## കെ.ടി. സദാനന്ദൻ



മലപ്പുറം ജില്ലയിലെ KGPA പ്രവർത്തനങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട് പടിപടിയായി സംസ്ഥാനതലത്തിൽ ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ട്രഷറർ എന്നീ സ്ഥാനങ്ങൾ അലങ്കരിച്ച ഒരാളാണ് കെ.ടി. സദാനന്ദൻ.

മലപ്പുറം ജില്ലയിൽ നിന്ന് നിരവധി പ്രവർത്തകരെ കണ്ടെത്തി അവരെ സംസ്ഥാനതലത്തിലേക്ക് ഉയർത്തിവിടുന്നതിൽ കെ.ടി. അതീവ ശ്രദ്ധാലുവായിരുന്നു. സ്വന്തം ആശയങ്ങൾ സംഘടനയിലൂടെ പ്രചരിപ്പിക്കുന്നതിൽ എന്നും അദ്ദേഹം മുന്നിലായി നിന്നു. നൂതനമായ ചിന്തകളും കർമ്മകുശലത നിറഞ്ഞ സംഘടന, തൊഴിൽ നൈപുണ്യവും ഒരുമിച്ച് നിറഞ്ഞ അതുല്യമായ വ്യക്തിത്വമാണ് കെ.ടി. എന്ന് സഹപ്രവർത്തകർ വിളിക്കുന്ന കെ.ടി. സദാനന്ദൻ. വിട്ടുവീഴ്ചയില്ലാതെ സംഘടനാവേദികളിൽ ആശയം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം മുന്നിലായിരുന്നു. സ്ഥാനമാനങ്ങൾക്ക് അതീതനായി വർഗ്ഗബോധത്തെ കണ്ട ഒരു ഫാർമസിസ്റ്റ് കൂടി സംഘടനയോട് വിടപറയുന്നു.

## കെ.കെ. സതീഷ് കുമാർ



വയനാട് ജില്ലയിൽ സർവ്വീസിൽ പ്രവേശിച്ച സതീഷ് കുമാർ, നീണ്ട നാളത്തെ കാത്തിരിപ്പിന് ഒടുവിൽ പാലക്കാട് ജില്ലയിൽ എത്തുകയും, ജില്ലാ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിൽ ജില്ലയിൽ KGPA യുടെ ശബ്ദമായി മാറുകയും ചെയ്തു. അർഹമായ അംഗീകാരമായ സംസ്ഥാന സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചു. ഇ.വി. രാജേന്ദ്രന് ശേഷം ജനറൽ സെക്രട്ടറി വരെ ഉയരാൻ പറ്റുന്ന നേതൃത്വശേഷി അദ്ദേഹത്തിന് ഉണ്ടായിരുന്നു. സർവ്വീസിന്റെ തുടക്കം മുതൽ ഒടുക്കം വരെ സ്വന്തം പ്രൊഫഷനെയും സംഘടനയെയും സ്നേഹിച്ച് സംരക്ഷിച്ചുകൊണ്ട് മുന്നോട്ട് നടന്ന ഒരു പോയ സുഹൃത്താണ് കെ.കെ. എന്ന സതീഷ് കുമാർ. സംഘടനയുടെ ഒരു കറകളഞ്ഞ സേവകനായിരുന്നു അദ്ദേഹം.

## നന്ദനൻ സി.കെ.



നന്ദനൻ സി.കെ. ഒരു സംഘടനാപ്രവർത്തകൻ എന്ന നിലയിൽ പോയ എല്ലാ ദേശത്തും പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്. ജോലിക്കു വന്ന പത്തനംതിട്ട ജില്ലയിൽ ദീർഘകാലം അദ്ദേഹം നേതാവായിരുന്നു. അതോടൊപ്പം ശബരിമല സേവനത്തിൽ അദ്ദേഹത്തിന്റെ കർമ്മകുശലതയെ എല്ലാവരും ഓർക്കും. തുടർച്ചയായി രണ്ട് മാസത്തോളം പമ്പയും സന്നിധാനവും കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ അദ്ദേഹത്തിന് യാതൊരു മടിയും ഉണ്ടായിരുന്നില്ല. ജില്ല മാറി കണ്ണൂരിലേക്ക് ചെന്ന് അവിടെയും തന്റെ സംഘടനാ പ്രവർത്തന മികവ് അദ്ദേഹം കാഴ്ചവച്ചു. സംസ്ഥാന കമ്മറ്റി അംഗമായും, സെക്രട്ടറിയേറ്റ് മെമ്പറായും KGPA യെ മുന്നോട്ട് നയിക്കുന്നതിൽ ഒരു കാലഘട്ടം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. ശുദ്ധമായ മനസ്സോടെ അദ്ദേഹത്തിന്റെ വാക്കുകൾ ഉൾക്കൊള്ളാത്തവരായി ആരും ഉണ്ടാവില്ല. നിസ്സീമമായ സ്നേഹം നൽകി അദ്ദേഹം ജോലിയേയും സ്വന്തം സംഘടനയേയും പതിറ്റാണ്ടുകൾ പരിപാലിച്ചു. സുഹൃത്തിന് നന്ദി...


## രമേശൻ എം.



രമേശൻ എം., 07.01.1999 ൽ ധർമ്മടം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജോയിൻ ചെയ്തു. കൂത്തുപറമ്പ് ഇ.എസ്.ഐ., ചോനാടം ഇ.എസ്.ഐ., തോട്ടട ഇ.എസ്.ഐ. ആശുപത്രി എന്നിവിടങ്ങളിൽ സേവനം ചെയ്തു.

സർവ്വീസ് ജീവിതത്തിനിടയിൽ കെ.ജി.പി.എ സംസ്ഥാന കൗൺസിൽ അംഗം, കെ.ജി.പി.എ കണ്ണൂർ ജില്ലാ പ്രസിഡന്റ്, ഇ.എസ്.ഐ സബ് കമ്മിറ്റി സംസ്ഥാന കൺവീനർ എന്നീ സ്ഥാനങ്ങൾ വഹിക്കുകയുണ്ടായി. കെ.ജി.പി.എ ഏറ്റെടുത്തു നടത്തിയ എല്ലാ സമര പോരാട്ടങ്ങളിലും രമേശൻ എം. സജീവമായി പങ്കെടുക്കുകയുണ്ടായി.





# നിവേദനങ്ങൾ

1. **നൈറ്റ് ഓഫ് അനുവദിക്കാൻ**: നേഴ്സിംഗ് വിഭാഗത്തിലേതുപോലെ തുടർച്ചയായി 3 നൈറ്റ് ഡ്യൂട്ടിക്ക് ശേഷം ഫാർമസിസ്റ്റു കൾക്കും 24 മണിക്കൂർ നൈറ്റ് ഓഫ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു.
2. **ഹയർ ഗ്രേഡ് പ്രശ്നം**: 01.07.2019 ന് മുൻപ് 22 വർഷത്തെ ഹയർ ഗ്രേഡ് ലഭിച്ച അന്നത്തെ ജീവനക്കാർക്ക് നഷ്ടപ്പെട്ട കെ. എസ്.എസ്.ആർ. റൂൾ 28 A പ്രകാരമുള്ള ഫിക്സേഷൻ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച്.
3. ESI വിഭാഗങ്ങളിൽ സ്റ്റോർ/സ്റ്റോക്ക് പരിശോധന കാലികമായി നടത്തുന്നതിന്, പ്രത്യേക പരിശോധനാ വിഭാഗം രൂപീകരിക്കുന്നതിന് ESI ഡയറക്ടർക്ക് നിവേദനം നൽകി.
4. പാലിയേറ്റീവ് പദ്ധതിയിലും, മാനേജ്മെന്റ് കമ്മറ്റിയിലും ഫാർമസിസ്റ്റ് ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിവേദനം നൽകി.
5. മഞ്ചേരി മെഡിക്കൽ കോളേജിൽ ഫാർമസി വിഭാഗത്തിലേക്ക് DME വഴി നിയമനങ്ങൾ നടത്തണം. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണം.
6. ആരോഗ്യ വകുപ്പിലെ സ്റ്റോർ ചുമതലയുള്ള ഫാർമസിസ്റ്റുകൾക്ക് അനുവദിച്ചിരുന്ന പ്രതിമാസ അവലോകന യോഗങ്ങൾ തുടർച്ചയായി നടക്കേണ്ടതുണ്ട്. അതോടൊപ്പം ഉച്ചഭക്ഷണ സമയം കൃത്യമായി അനുവദിച്ചുകിട്ടുന്നതിനുവേണ്ടി ആരോഗ്യ വകുപ്പ് മന്ത്രിയെ കണ്ട് നിവേദനം സമർപ്പിച്ചു.
7. LSGD പദ്ധതി വഴി ഫാർമസിസ്റ്റുകളെ നിയമിക്കാൻ പ്രതിബന്ധമായ LSGD വകുപ്പിന്റെ ഉത്തരവ് പരിഷ്കരിക്കണം എന്നും, കരാർ നിയമനങ്ങൾക്ക് വേഗത കൈവരിക്കണം എന്നും ആവശ്യപ്പെട്ടു.
8. ആരോഗ്യ സർവ്വകലാശാലയിൽനിന്ന് നിർദ്ദേശം നൽകണം. തൃശൂർ ഉൾപ്പെടെ പല DME സ്ഥാപനങ്ങളിലും B. Pharm കാർക്ക് ട്രെയിനിംഗ് സൗകര്യം ഇല്ല.
9. KMSCL 2023-'24 വർഷത്തിലേക്ക് സംഭരിച്ച ബ്ലീച്ചിംഗ് പൗഡർ ഗുണമേന്മയില്ലാത്തതിനാൽ പല സ്ഥാപനങ്ങളിലും കെട്ടിക്കിടക്കുന്നു. അവ അപകടകരമായ സാഹചര്യം ഉണ്ടാക്കുന്നതിനാലും സൂക്ഷിക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാലും തിരിച്ചെടുക്കാൻ വേണ്ട ക്രമീകരണം ഉണ്ടാവണം.
10. മകര-മണ്ഡലകാലത്ത് ശബരിമല സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകാർക്ക് 15 ദിവസം എന്ന കണക്കിൽ ഡ്യൂട്ടി ചെയ്യേണ്ടിവരുന്നു. അത് 8 ദിവസമായി കുറയ്ക്കാനും DME വിഭാഗത്തിലെ ഫാർമസിസ്റ്റുകളെ ഡ്യൂട്ടിയിൽ ഉൾപ്പെടുത്താനും നടപടി വേണം.
11. പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ നിവേദനം നൽകി. ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടേതുപോലെ ഫാർമസിസ്റ്റ് ഉൾപ്പെടെ മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും പെൻഷൻ പ്രായം 60 ആക്കി നിജപ്പെടുത്തണം.



# രാത്രിയാത്ര




**ശ്രീനാ ഗോപാൽ**
ഫാർമസിസ്റ്റ്
കുടുംബാരോഗ്യ കേന്ദ്രം, പള്ളിക്കര
കാസറഗോഡ്


**വെ**യിൽ മങ്ങിയ സായാഹ്നത്തിന് തിരശ്ശീലയിട്ടുകൊണ്ട് രാത്രി രംഗത്തെത്തിയിരിക്കയാണ്. കാഴ്ചകളെ പിന്നിലേക്ക് ഉന്തി വിട്ടുകൊണ്ട് ബസ് നീങ്ങിത്തുടങ്ങി. പുറമെനിന്ന് ഇരുട്ടും തണുപ്പും തന്നെ പൊതിയാനൊരുങ്ങുന്നുവെങ്കിലും ഉള്ളിൽ ഇന്നത്തെ പകലിന്റെ കത്തുന്ന അനുഭവങ്ങളാണ് !

അമ്മയ്ക്ക് സുഖമില്ലാതായപ്പോഴാണ് രേഷ്മ പറഞ്ഞത്, ചേച്ചി... ഈ ഹോസ്പിറ്റലിലെ ജോലിയായതുകൊണ്ടല്ലെ ഇത്രയും കൃത്യനിഷ്ഠ പാലിക്കേണ്ടത്, ചേച്ചിക്ക് മറ്റെന്തെങ്കിലും ജോലി നോക്കരുതോ .....?

ശരിയാണ്,

അവധി അപേക്ഷയുമായി മാനേജരുടെ അടുത്ത് പോകുമ്പോൾ അയാളുടെ മുഖത്തെ ഭാവം കണ്ട് ജീവിതം തന്നെ മടുത്തു തുടങ്ങി.

അയാളെ കുറ്റപ്പെടുത്തിയിട്ട് എന്തു കാര്യം.

അമ്മയ്ക്ക് മിക്ക ദിവസങ്ങളിലും വയ്യ, താനല്ലാതെ മറ്റാരാ ഉള്ളത് കൂട്ടിരിക്കാൻ ...

വല്ലപ്പോഴുമെ കണ്ണാടി നോക്കാറുള്ളു, നോക്കുമ്പോഴൊക്കെ നിസ്സഹായത ഒരു മുഖംമൂടി പോലെ പ്രതിബിംബത്തിൽ കാണുന്നു... ഇത് മാറണം, മാറ്റിയേ തീരു.

പ്രൈവറ്റ് ഹോസ്പിറ്റലിലെ ഫാർമസി അസിസ്റ്റൻറ് എന്ന ജോലി രാജിവെച്ചു.

ഒന്ന് – രണ്ട് മാസം ട്രെയിനിംഗിന് പോയിട്ട് SG Pharma യുടെ മെഡിക്കൽ റെപ് എന്ന ഉത്തര വാദിത്വമേറ്റെടുത്തു .

ഒരാഴ്ച ട്രെയിനറോടൊപ്പം ഡോക്ടേർസിന്റെ അടുത്ത് പോയി. ഒരു ധൈര്യം വന്നു തുടങ്ങിയപ്പോൾ തനിയെ പോകാമെന്നായി.

വീട്ടിലും സൗകര്യം,

അമ്മയുടെ അടുത്ത് ഭർത്താവും മക്കളും ഒക്കെ വന്ന് കഴിഞ്ഞ് വൈകുന്നേര സമയങ്ങൾ ഞാൻ ജോലിയ്ക്കായി നീക്കിവെച്ചു.

തിരിച്ചെത്തുമ്പോൾ ഒരൽപ്പം വൈകുമെങ്കിലും അതൊരു ശീലമായപ്പോൾ പ്രശ്നമില്ലാതെയായി.

ഇന്ന്

കത്തുന്ന സൂര്യന്റെ ചൂട് വിട്ടകലാത്ത വൈകുന്നേരമായിരുന്നു. ധൃതിയിൽ നടക്കുമ്പോഴാണ് ആരോ പിന്നിൽ നിന്ന് ...

‘ ശ്രീ....’

തിരിഞ്ഞു നോക്കിയപ്പോൾ സുനിത ....!

ഏപ്രണും തൊപ്പിയുമൊക്കെ അണിഞ്ഞ് വേറൊരു സ്റ്റൈലിൽ.

എന്താടാ ഇവിടെ...

ഞങ്ങൾ മൂന്ന് വനിതകൾ ചേർന്ന് ഇവിടെ ഒരു സംരംഭം തുടങ്ങി, കറിപ്പൊടികളുടെ ...

ഇന്ന് രാവിലെ ആയിരുന്നു ഉദ്ഘാടനം.

അപ്പോഴാണ് ഞാൻ ബോർഡ് കണ്ടത്

'രുചിക്കൂട്ട് '

ഞാൻ കടയിലേക്ക് കയറുമ്പോൾ തന്നെ ചുവന്ന ലഡു അവൾ കൈയ്യിലേക്ക് വച്ചു തന്നു.

'നല്ല കാര്യം സുനിത,

മികച്ച സംരംഭം ആവട്ടെ'

മനസ്സുനിറഞ്ഞു കൊണ്ട് ഞാൻ ആശംസിച്ചു.

കട ആകമാനം വീക്ഷിച്ചപ്പോൾ ക്ലോക്കിലെ സമയം എന്നെ നോക്കി കണ്ണുരുട്ടുന്നു, ഡോക്ടറിന്റെ അപോയ്മെന്റിന്റെ സമയമായെന്ന്.

മുളകുപൊടിയുടേയും സാമ്പാർ പൊടിയുടേയും ഓരോ പാക്കറ്റ് വാങ്ങി, ബാഗിലേക്ക് തിരുകി കയറ്റി ഞാൻ ക്ലിനിക്കിലേക്ക് കയറി.

വൈകുന്നേരത്തെ ടോക്കൺ കഴിഞ്ഞെന്ന് ബോർഡ് വെച്ചിട്ടുണ്ട് .അവിടെ ബാക്കിയിരിപ്പുള്ള പേഷ്യൻസ് തീർന്നാലുടൻ കേറാമെന്ന് കൗണ്ടറിലെ വെള്ളചുരിദാറുകാരി പറഞ്ഞു.

അധികം വൈകേണ്ടി വന്നില്ല .എന്റെ നമ്പർ വന്നു. പല തവണ വിസിറ്റ് ചെയ്തതു കൊണ്ട് മോശമല്ലാത്ത ഒരു നീണ്ട ഓർഡർ ഡോക്ടർ എഴുതിവെച്ചത് എടുത്തു തന്നു.

തരുമ്പോൾ ഒരു ചോദ്യം,

'നിങ്ങൾക്ക് തന്നെ ഓർഡർ തന്നാൽ മറ്റുള്ളവർ എന്തു കരുതും'. അയാളുടെ മുഖത്ത് തെളിഞ്ഞ അശ്ളീല ചിരി കണ്ടില്ലെന്ന മട്ടിൽ ഞാൻ ഉത്തരം നൽകി,

അതിനെന്താ, വർക്ക് ചെയ്യുന്നു ,ഓർഡർ വാങ്ങുന്നു, അത്രേയല്ലേ ഉള്ളു സർ ...

പെട്ടെന്ന് അയാൾ പുറത്തേക്കിറങ്ങുന്നതു കണ്ടു,

ഞാൻ അര റൂമിന്റെ വാതിൽപ്പഴുതിലൂടെ നോക്കിയപ്പോൾ പുറത്താരും ഇല്ലല്ലോ എന്നോർത്തു.

അയാൾ പെട്ടെന്ന് അകത്തു കയറി, ഡോർ മുറുക്കിയടച്ചിട്ട് എന്നെ ഭിത്തിയോട് ചേർത്ത് അയാളുടെ ബലിഷ്ഠ കരങ്ങൾക്ക് ഉള്ളിലാക്കി.

ഞാൻ എന്നിലെ പൂർണ്ണ ആരോഗ്യത്തോടെ അയാളെ ഉന്തിമാറ്റി, കുതറിയോടി.

വാതിൽ തുറന്ന് പുറത്തെത്തിയ ഞാൻ

ഒരു നിമിഷം നിന്നു ,

അയാൾ തന്ന ഓർഡറിന്റെ പേപ്പർ എടുത്ത് പൊടിപൊടിയായി കീറി വാതിൽ തുറന്നു,

'നിങ്ങൾ എന്താണ് കരുതിയത്, ഒരു ഓർഡർ കിട്ടാൻ വേണ്ടി എന്തും ചെയ്യുമെന്നോ...'

എന്നിലെ ശബ്ദം ആ മുറിയിലെ ഭിത്തികളിൽ തട്ടി പ്രകമ്പനം കൊള്ളുമ്പോൾ 'പൊടിഞ്ഞ ഓർഡർ' മഴപ്പാറ്റ വെളിച്ചത്തെ പൊതിയും പോൽ അയാളുടെ മുഖത്തെ വലംവയ്ക്കുവാരുന്നു.

എന്നിട്ടും തീരാത്ത രോഷത്താൽ

ബാഗ് തുറന്ന് ആ പാക്കറ്റ് പല്ലുകൊണ്ട് പൊട്ടിച്ച് അയാളുടെ മുഖത്തേക്ക് കുടഞ്ഞു ... മുളക് പൊടിയിൽ കുളിച്ച അയാളിൽ നിന്ന് അലർച്ച കേട്ടപ്പോ ഞാൻ ഡോർ പുറത്തു നിന്നടച്ച് സ്ഥലം വിട്ടു.

പുറത്തുള്ള പൈപ്പിൽ നിന്ന് കൈയ്യും മുഖവും കഴുകി സാധാരണക്കാരെപ്പോലെ ബസ്സ്റ്റോപ്പിലേക്ക് നടക്കുമ്പോൾ സുനിത കൈവീശിക്കാണിച്ചു, ഞാൻ തിരിച്ചും.

തണുപ്പു വീശുന്ന ഈ രാത്രിയിലും തന്നിലെ തിളച്ച രക്തത്തിന്റെ ചൂട് അനുഭവിച്ചുകൊണ്ടിരുന്നു.

അകലെ,

ആകാശത്ത്

തന്നെ മറയ്ക്കാൻ വരുന്ന കാർമേഘത്തെ വകഞ്ഞു മാറ്റിക്കൊണ്ട് ചന്ദ്രൻ നിലാവ് പൊഴിക്കുന്നുണ്ടായിരുന്നു .

ബസ് ഒരു ഗട്ടറിൽ വീണ് സട കുടഞ്ഞെണീറ്റ് ഇരുട്ടിനെ കീറി മുറിച്ചു കൊണ്ട് സുഗമമായി മുന്നോട്ട് പൊയ്ക്കോണ്ടിരിക്കുന്നു,

കൂടെ

ഞാനും .... എന്റെ രാത്രിയാത്രയും !

# പ്രണയം



**സംഗീത രാജേഷ്**
ടി.ഡി. മെഡിക്കൽ കോളേജ്
ആലപ്പുഴ



ഹൃദയമാം കോവിലിൽ കാത്തു സൂക്ഷിച്ചൊരു
സുന്ദര സ്വപ്നമോ പ്രണയം
സ്വപ്നമേ നീ ആണ് പ്രണയമെങ്കിൽ
ഞാൻ കണ്ടതൊക്കെയും പ്രണയ സ്വപ്നം
കാറ്റിൻ തലോടലിൽ ഞാൻ കണ്ടു പ്രണയം
മഞ്ഞിന്റെ കുളിരിലും കണ്ടു ഞാൻ പ്രണയം
കുയിലിന്റെ നാദത്തിൽ പ്രണയമുണ്ട്
മയിലിന്റെ പീലിയിൽ പ്രണയമുണ്ട്
കണ്ണന്റെ നെറുകയിൽ ചൂടുന്ന പീലിയിൽ
ഞാൻ കണ്ടു നിന്നോടിനിക്കുള്ള പ്രണയം
എന്റെ മോഹങ്ങളും മോഹഭംഗങ്ങളും
പ്രണയം നിറഞ്ഞവ ആയിരുന്നു
തീരം തിരയുന്ന തിരമാലകൾക്കും
പ്രണയം മുഴുവൻ കടലിനോടത്രേ
പൂവിന്റെ ചുണ്ടിലെ തേൻ നുകരുന്നൊരു
വണ്ടിന്റെ ഉള്ളിലും പ്രണയമുണ്ട്
പ്രകൃതി തൻ മാറിലെ ഓരോ കണത്തിലും
ഞാൻ കണ്ടു പ്രകൃതി തൻ പ്രണയം
എന്നിലെ ഓരോ ഹൃദയമിടിപ്പിലും
ഞാൻ കണ്ടു എന്നിലെ പ്രണയം
പ്രണയ സ്വപ്നങ്ങളാൽ മനസ്സിൽ ഞാൻ നെയ്തൊരു
മുഖം എന്റെ കണ്ണന്റെ
ആയിരുന്നു
അത്രമേൽ ആഴത്തിൽ പ്രണയിച്ചിടുന്നു ഞാൻ
കാർമുകിൽ വർണ്ണനാം എൻ പ്രിയ തോഴനെ..

# അഭിമാനപൂർവ്വം മുന്നോട്ട്



**പ്രേമാനന്ദൻ. എം. കെ**
ജനറൽ സെക്രട്ടറി FIPO,
കെ.ജി.പി.എ മുൻ
ജനറൽ സെക്രട്ടറി

**ച**രിത്രാതീത കാലം മുതൽ നിരവധിയായ വെല്ലുവിളികൾ അതിജീവിച്ചുകൊണ്ടാണ് മാനവ സമൂഹം മുന്നോട്ട് നീങ്ങിയിട്ടുള്ളത്. സംസ്ഥാന ത്തെ ഫാർമസി മേഖലയും അടിമ സമാനമായ സിവിൽ സർവീസിന്റെ സങ്കീർണ്ണമായ ഇന്നലെ കളിൽ നിശ്ചയദാർഢ്യത്തോടെയും, സംഘ ശക്തിയുടെ പിൻബലത്തോടെയുമാണ് ഏറെ ദൂരം പിന്നിട്ടത്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും മുൻപ് തന്നെ കെജിപിഎ യുടെ പൂർവരൂപ ങ്ങളായ സംഘടനകൾ മദിരാശി സംസ്ഥാനത്തി ന്റെ ഭാഗമായ മലബാറിലും, രാജാധികാരത്തിനു കീഴിലുള്ള തിരു കൊച്ചിയിലും വ്യത്യസ്തമായ പേരുകളിൽ പരിമിതമായ രീതിയിൽ പ്രവർ ത്തിച്ചിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷം ഐക്യ കേരള പിറവിയോടെ 1956 ഇൽ ഇവ സംയോജി ച്ചാണ് കെ.ജി.പിഎ ആയി മാറിയതും 1957ൽ സംസ്ഥാനത്തെ രണ്ടാമത്തെ സർവീസ് സംഘട നയായി രജിസ്ട്രേഷൻ നേടിയതും.

**അയിത്തത്തിനെതിരായ സമരം**

അയിത്തം എന്ന ദുരാചാരം കൊടികുത്തി വാണിരുന്ന കാലത്ത് അതിനെതിരായ പോരാട്ടം നടത്തി വിജയക്കൊടി പാറിച്ചു മുന്നോട്ട് വന്ന കെ.ജി.പി.എ പോരാട്ടം രക്തത്തിലലിഞ്ഞ പ്രഫഷനൽ പ്രസ്ഥാനമാണ്. കൊടിയ ദാരിദ്ര്യം ജീവിതം ദുരിതപൂർണ്ണമാക്കിയപ്പോൾ കൂലിപ്പണി ക്കാരനും, ബീഡി തെറുപ്പുകാരനും, കല്പണി ക്കാരനുമൊക്കെയായി വേഷം കെട്ടുമ്പോഴും അക്ഷരാഭ്യാസം നേടിയ വ്യക്തിയായിരുന്നു ശ്രീ. ജി. വിവേകാനന്ദൻ. മെട്രികുലേഷൻ കഴിഞ്ഞു. കമ്പോണ്ടർ പരിശീലനം നേടിയ അദ്ദേഹം സൈന്യത്തിൽ ചേർന്നു. പിന്നീട് യുദ്ധാനന്തരം സർക്കാർ സർവീസിൽ സേവനമനുഷ്ഠിച്ചു. കമ്പോണ്ടർ ആയ അദ്ദേഹത്തെ അയിത്തത്തിന്റെ പേരിൽ കവടിയാർ കൊട്ടാരം ഡിസ്പെൻസ റിയിൽ നിന്നും സ്ഥലം മാറ്റിയപ്പോൾ അതിനെതിരെ സമരം ചെയ്തു നേടിയ വിജയം അക്കാലത്തു കെ. ജി. പി. എ ക്ക് ഏറെ ആവേശം പകരുകയുണ്ടായി. (ശ്രീ. ജി വിവേകാനന്ദൻ പിൽക്കാലത്ത് കേരളത്തിലെ പ്രശസ്ത നോ വലിസ്റ്റും, സിനിമാ തിരക്കഥകൃത്തുമൊക്കെ യായി വളർന്നു. കള്ള് കള്ളിചെല്ലമ്മ തുടങ്ങി കണക്കായ നോവലുകളും സിനിമാ തിരക്കഥ കളും രചിച്ച അദ്ദേഹം കേരളത്തിലെ എണ്ണപ്പെട്ട സാഹിത്യകാരൻമാരിൽ ഒരാളായി മാറി )

**അടിസ്ഥാന അവകാശങ്ങൾ നേടുന്നു**

തുടർന്നിങ്ങോട്ട് 'വീക്കിലി ഓഫ്' ഉൾപ്പെടെ അവധികൾക്ക് വേണ്ടിയും സർവീസിൽ പ്രവേശി ച്ച തസ്തികയിൽനിന്ന് തന്നെ വിരമിക്കേണ്ട ദുരവസ്ഥക്കെതിരെ പ്രമോഷനുകൾക്ക് വേണ്ടി യും, ജോലിഭാരത്തിനു ആനുപാതികമായി പു തിയ ഫാർമസിസ്റ്റ് തസ്തികകൾക്ക് വേണ്ടിയും, ന്യായമായ ശമ്പള സ്കെയിലുകൾക്കു വേണ്ടി യും തുടങ്ങി വിവിധ ആവശ്യങ്ങൾക്കായി പണി മുടക്ക് ഉൾപ്പെടെയുള്ള നിരവധിയായ പ്രക്ഷോ ഭങ്ങളും പ്രവർത്തനങ്ങളും കെ ജി പി എ നടത്തി യിട്ടുണ്ട്. കേരളത്തിൽ ഫാർമസി കോഴ്സ് തുടങ്ങുന്നതുപോലും കെ ജി പി എ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു നൽകിയ സമര നോട്ടീസിന്മേലുള്ള ചർച്ചയിലെ തീരുമാനത്തെ തുടർന്നാണ്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് സംഭരണം അഴിമതിയുടെ കൂത്തരങ്ങായി മാറിയപ്പോഴും, ഗുണനിലവാരം തൊട്ടുതീണ്ടാത്ത മരുന്നുകൾ സർക്കാർ ആശുപതികളിൽ അടിച്ചേൽപ്പിച്ച പ്പോഴും അതിനെതിരെ സമരമുഖത്ത് വരാനും, അധികാരികളുടെയും, സർക്കാരിന്റെയും ഭീഷ ണികളെ നേരിടാനും തയ്യാറായ കേരളത്തിലെ ഒരേ ഒരു സർവീസ് സംഘടനയായിരുന്നു കെ ജി.പി.എ.

**പ്രമോഷനുകൾ**

ഒരു പ്രമോഷൻ തസ്തിക പോലും ഇല്ലാതി രുന്ന അവസ്ഥയിൽ നിന്നുമാണ് പി എസ് കെ

മുതൽ അസിസ്റ്റന്റ് ഡയറക്ടർ ഫാർമസി സർവീസ് വരെയുള്ള തസ്തികകൾ കെ.ജി.പി.എ സമരങ്ങൾ, നിയമ നടപടികൾ ചർച്ചകൾ എന്നിവയിലൂടെയെല്ലാം നേടിയെടുത്തത്. ഇന്നത്തെ കെ.എം.എസ.സി.എൽ വേർഹൗസുകളുടെ സ്ഥാനത്ത് നേരത്തെ ഉണ്ടായിരുന്ന ജില്ലാ മെഡിക്കൽ സ്റ്റോറുകൾ 1957-ൽ ആരംഭിച്ചപ്പോൾ അതിന്റെ സ്റ്റോർ സൂപ്രണ്ട് സ്ഥാനം സ്വന്തമാക്കാനുള്ള ഒരുകൂട്ടം ജീവനക്കാരുടെ നീക്കം പരാജയപ്പെടുത്തിയാണ് നമ്മുടെ ആദ്യ പ്രമോഷൻ സ്വപ്നം കെ ജി പി എ സഫലീകരിച്ചത്. അന്നത്തെ ആരോഗ്യമന്ത്രി ഡോ. എ ആർ മേനോനെ ഒരു പാതിരാത്രിയിൽ നേരിട്ട് കണ്ടു നിവേദനം നൽകുകയും, കാര്യങ്ങൾ ബോധ്യപ്പെട്ട അദ്ദേഹം ഡി എം എസ് സ്റ്റോർ സൂപ്രണ്ട് തസ്തികകൾ സീനിയർ മോസ്റ്റ് ഫാർമസിസ്റ്റുമാർക്ക് അനുവദിച്ചു ഉത്തരവാക്കാൻ നിർദേശം നൽകുകയുമായിരുന്നു മേജർ ആശുപത്രികളിൽ പി എസ് കെ തസ്തികകൾ നിരവധി സമരങ്ങൾക്ക് ശേഷമാണ് അനുവദിച്ചത്. 13 എസ്. വി. ഒ ടീമുകൾ (13 എസ്. വി. ഒ, 13 പി. എസ്. കെ ഉൾപ്പെടെ), 18 ഗസറ്റഡ് സ്റ്റോർ സൂപ്രണ്ട് തസ്തികകൾ, അസിസ്റ്റന്റ് ഡയറക്ടർ ഫാർമസി സർവീസസ് (പൂർവ നാമം - അസിസ്റ്റന്റ് ഡയറക്ടർ മെഡിക്കൽ സപ്ലൈസ്) തസ്തിക തുടങ്ങി നിരവധിയായ പ്രമോഷൻ തസ്തികകൾ അനുവദിച്ച 15/85 എന്ന സർക്കാർ ഉത്തരവിന് പിന്നിൽ കെ ജി പി എ നടത്തിയ ധീരോദാത്തമായ പണിമുടക്ക് ഉൾപ്പെടെയുള്ള പ്രക്ഷോഭങ്ങളുടെയും ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുടെയും നീണ്ട നിരതന്നെയുണ്ട്. മേൽ ഉത്തരവിൽ തന്നെ KGPA യുടെ പങ്ക് സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. ശ്രീ. വി.എം. സുധീരൻ ആരോഗ്യമന്ത്രി ആയിരുന്നപ്പോൾ 200 ബെഡുകൾ ഉള്ള സ്ഥാപനങ്ങളിലെ 18 നോൺ ഗസറ്റഡ് സ്റ്റോർ സൂപ്രണ്ട് തസ്തികകൾ ഗസറ്റെഡ് തസ്തികകൾ ആക്കി ഉയർത്തുകയും ഏതാനും ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കുകയും ചെയ്തത് അക്കാലത്തെ നിർണ്ണായക തീരുമാനങ്ങളിൽ ഒന്നായിരുന്നു. KGPA നടത്തിയ നിരവധി പ്രവർത്തനങ്ങളുടെയും ഇടപെടലുകളുടെയും ഫലമായിരുന്നു അത്. ശ്രീ. കെ.എം. മണി ധനമന്ത്രി ആയിരിക്കെ അനുവദിക്കപ്പെട്ട 40 ഫാർമസിസ്റ്റ് തസ്തികകളും സ്മരണീയമാണ്. ഫാർമസിസ്റ്റ് ഗ്രേഡ് 2, ഫാർമസിസ്റ്റ് ഗ്രേഡ് അനുപാതം 2:1-ൽ നിന്നും 1:1 ആയി ഉയർത്തിയതും അദേഹത്തിന്റെ മുൻകൈയിൽ ആയിരുന്നു. 1400-ഓളം അധിക തസ്തികകൾ വേണമെന്ന് റിപ്പോർട്ട് ഉള്ളപ്പോൾ ആയിരുന്നു നാമമാത്രമായ തസ്തികകൾ മാത്രം അനുവദിക്കപ്പെട്ടത്. എങ്കിലും ആ നടപടി ആശ്വാസകരമായിരുന്നു. പി എച് സി, സി എച് സി കളിലെ സ്റ്റോറിൽ നിന്നും ഒരു മരുന്ന് ഫാർമസിയിലേക്ക് എടുക്കണമെങ്കിൽ മേലധികാരികൾക്ക് മുൻപിൽ തല ചൊറിഞ്ഞു നിൽക്കേണ്ട ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. അതിനു പരിഹാരമുണ്ടായതു കെ ജി പി എ നടത്തിയ ചർച്ചയിലെ തീരുമാനത്തെ തുടർന്നു സ്റ്റോർ കസ്റ്റോഡിയൻ ആയി അംഗീകരിച്ചതിനെ തുടർന്നാണ്. കെ എം എസ് സി എൽ വെയർഹൗസുകളുടെ വരവിനായി ജില്ലാ മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കിയപ്പോൾ 14 ഗസറ്റെഡ് സ്റ്റോർ സൂപ്രണ്ട്, 14 പി. എസ്. കെ തസ്തികകളുടെ ഭാവി അനിശ്ചിതത്വത്തിൽ ആയപ്പോൾ അത് സംരക്ഷിക്കാൻ ശക്തമായ പോരാട്ടങ്ങളും, നിയമനടപടികളും കെ ജി പി എ നടത്തുകയുണ്ടായി. അതുകൊണ്ട് മാത്രമാണ് നമ്മുടെ 28 തസ്തികകൾ മേജർ സ്ഥാപനങ്ങളുലേക്കു ഷിഫ്റ്റ് ചെയ്യിക്കാൻ സാധിച്ചതും ഇന്നും തുടരുന്നതും. ഇതിനായി നടത്തിയ സംസ്ഥാന വാഹന പ്രചാരണ ജാഥ, ഉപവാസം, നിയമനടപടികൾ എന്നിവ ശ്രദ്ധേയമായ പോരാട്ടങ്ങൾ ആയിരുന്നു.

**ശമ്പള സ്കെയിലുകൾ.**

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ താഴ്ന്ന ശമ്പളസ്കെയിൽ കേരള ഹൈക്കോടതിയിൽ കെ.ജി.പി.എ നടത്തിയ നിയമപോരാട്ടത്തിന്റെ ഫലമായി 7990-12930ൽ നിന്നും 9190-15510 ആക്കി ഉയർത്തിയെടുക്കാൻ സാധിച്ചു. ഫാർമസിസ്റ്റ് ഗ്രേഡ് 2 ന്റെ ശമ്പള സ്കെയിൽ 1997 ശമ്പള പരിഷ്കരണത്തിലെ സ്വാഭാവിക വർധനയായ 3590 ൽ നിന്നും 4000-6090 ലേക്ക് ഉയർത്തിയെടുക്കാൻ യശശരീരനായ എം എൻ വി ജി അടിയോടി സാറിന്റെ നേതൃത്വത്തിൽ കെ.ജി.പി.എ നടത്തിയ പ്രവർത്തനം കൊണ്ടു സാധിച്ചു. 2021 ലെ 11 -ാം ശമ്പള പരിഷ്കരണത്തിൽ സ്വാഭാവിക വർദ്ധനയായ 31100-66800-ൽ നിന്നും 35600-75400ലേക്ക് ഉയർത്തിയെടുക്കാൻ സാധിച്ചത് ശമ്പള കമ്മീഷന് മുന്നിൽ സമർപ്പിച്ച തെളിവുകളുടെയും, രേഖകളുടെയും പിൻബലത്തിലാണ്. ശമ്പളകമ്മീഷൻ നടത്തിയ ചർച്ച

യിൽ നാം ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾ കമ്മീഷൻ തന്നെ ശരിവെച്ചിരുന്നു. എന്നാൽ സ്റ്റോർ സൂപ്രണ്ട് മുതൽ സ്റ്റോർസ് ഓഫീസർ എഫ് ഡബ്ല്യൂ വരെയുള്ള തസ്തികകളുടെ ഒരേ ശമ്പള സ്കെയിൽ എന്ന പ്രശ്നം സ്പെഷ്യൽ റൂളിന്റെ അഭാവത്താൽ യഥാർഥ്യമായില്ല. ഇ.എസ്.ഐ വിഭാഗം ഫാർമസിസ്റ്റുകളുടെ ഏറെ കാലത്തെ അനോമലികൾക്ക് പരിഹാരമുണ്ടാക്കി യതും എടുത്തു പറയേണ്ടതുണ്ട്. ഗ്രേഡ് 1 ഫാർമസിസ്റ്റ്, സ്റ്റോർകീപ്പർമാർ എന്നിവരുടെ കുറ ഞ്ഞ അടിസ്ഥാന ശമ്പളം പൊതുവിഭാഗത്തിന് തുല്യമാക്കി എടുക്കാൻ സാധിച്ചു.കെ ജിപി എ നടത്തിയ നിയമ നടപടികളുടെ കൂടി ഫലമാമാ യാണ് അത് സാധ്യമായത്. മുൻ ശമ്പളം പരിഷ് കരണ ഉത്തരവുകളിൽ പല ഭാഗങ്ങളിലായി ചിന്നി ചിതറിയ ഡി.എം.ഇ വിഭാഗം ഫാർമസിസ്റ്റ് തസ്തികകളെ ഫാർമസി വിഭാഗം എന്ന ഹെഡിങ്ങിന് കീഴിൽ കൊണ്ട് വരാൻ സാധിച്ചത് ഏറെ ഗുണകരമാണ്. സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ബൈഫർക്കേഷന് ശേഷം ഡി.എം.ഇ യിൽ സീനിയോരിറ്റി പ്രമോഷൻ അട്ടിമറിക്കാനുള്ള നീക്കത്തെ നിയമ നടപടിക ളിലൂടെയാണ് കെ.ജി.പി.എ തടഞ്ഞത്.

ഫാർമസിസ്റ്റായി സർവീസിൽ വന്നു അതെ തസ്തികയിൽ നിന്നു തന്നെ വിരമിച്ചു പോയിരുന്ന അവസ്ഥയിൽ നിന്നും 10 ശതമാനത്തിലധികം റെഗുലർ പ്രമോഷൻ തസ്തികകളുള്ള വിഭാഗമാണ് ഇന്ന് നാം. ഇതിലെ ഓരോ പ്രമോഷൻ തസ്തികയും നേടിയെടുത്തതിന് പിന്നിൽ നമ്മുടെ പൂർവി കരായ കെ.ജി.പി.എ നേതാക്കളുടെ ധീരോദാ ത്തമായ ഇടപെടലുകളും പോരാട്ടങ്ങളുമാണ്. കെ.ജി.പി.എ യുടെ പ്രവർത്തന ഫലമായി നേടി യതല്ലാത്ത ഒരു നേട്ടവും സംസ്ഥാനത്തെ ഫാർ മസി മേഖലയിൽ ഇല്ല എന്നു വസ്തുതകൾ പരിശോധിക്കുന്ന ആർക്കും ബോധ്യപ്പെടും. വലുതും ചെറുതുമായ നിരവധി നേട്ടങ്ങൾ ഇനിയും പരാമർശിക്കാൻ ബാക്കിയാണ്. നേടിയ നേട്ടങ്ങൾ പോലെ തന്നെ പ്രധാനമാണ് ഇനിയും പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളും. ഫാർമസിസ്റ്റ് തസ്തികകൾ ആരോഗ്യ മെഡിക്കൽ വിദ്യാഭ്യാ സ, ഇ.എസ്.ഐ വകുപ്പുകളിൽ അവശ്യം വേണ്ട തസ്തികകൾ ഏർപ്പെടുത്താനുള്ള നടപടികൾ അടിയന്തിരമായി സർക്കാർ സ്വീകരിക്കേണ്ട തുണ്ട്. 1961 സ്റ്റാഫ് പറ്റേൺ ആണ് ഇന്നും സം സ്ഥാനത്ത് നിലവിലുള്ളത്. അത് കാലോചി തമായി പരിഷ്കരിച്ചിട്ടില്ല. ചുരുങ്ങിയ മരുന്നു കളും രോഗികളുമായരുന്നു അക്കാലത്തു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് രോഗികളുടെ എണ്ണം പതിൻമടങ്ങായാണ് വർധിച്ചത്. രോഗങ്ങളുടെ സ്വഭാവവും ചികിത്സാ രീതികളും മാറി. ഫാർമസികളിൽ ഏതാനും മിക്സ്റുകളും, പൗഡറുകളും, ഓയിന്റ്മെന്റുകളുടെയും സ്ഥാ നത്തു ഇന്ന് നൂറുകണക്കിന് സങ്കീർണ്ണമായ മരുന്നുകൾ വന്നു. അവയുടെ സൂക്ഷിപ്പും കൈ കാര്യവുമൊക്കെ ശസ്ത്രീയമായി നിർവഹിക്കാൻ ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തത ഫാർമസി മേഖല നേരിടുന്ന മുഖ്യ വിഷയ ങ്ങളിൽ ഒന്നാണ്.

**ആർദ്രം പദ്ധതി**

ആർദ്രം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ പി സമയം ഉയർ ത്തിയതിനാലും കൂടുതൽ സേവനങ്ങൾ വരുന്ന തിനാലും സ്വാഭാവികമായും അധിക ഫാർമ സിസ്റ്റ് തസ്തികകളും ഏർപ്പെടുത്തേണ്ടതാ യിരുന്നു. എന്നാൽ ഡോക്ടർമാരുടെയും, നഴ്സു മാരുടെയും തസ്തികകൾ മാത്രം ഏർപ്പെടുത്തി ഫാർമസിസ്റ്റുമാരെ വഞ്ചിക്കുന്ന നിലപാടാണ് സർക്കാർ ആദ്യഘട്ടത്തിൽ കൈക്കൊണ്ടത്. പിന്നീട് എഫ്.എച്.സി കളുടെ പ്രവർത്തനത്തി നൊപ്പം ഫാർമസികൾക്ക് പ്രവർത്തിക്കാൻ സാധി ക്കുന്നില്ല, അത് ഈ പദ്ധതിയുടെ പ്രവർത്ത നത്തെ ബാധിക്കും എന്ന യാഥാർഥ്യം ഉത്തര വാദപ്പെട്ടവരെ ബോധ്യപ്പെടുത്തുകയുണ്ടായി. അവർ ഇക്കാര്യം സർക്കാരിനെ അറിയിക്കുകയും ചെയ്തതിനെ തുടർന്നാണ് ഒന്നാം ഘട്ടത്തിൽ 150 തസ്തികകൾ അനുവദിച്ചത്. രണ്ടാം ഘട്ട ത്തിൽ ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ട 200 ഫാർ മസിസ്റ്റ് തസ്തികകൾ, ജില്ലാ തലത്തിലുള്ള പൂളിൽ നിന്നും നിയമിക്കുമെന്ന അടിസ്ഥാന രഹിതമായ നോട്ടെഴുതി നിഷേധിക്കുകയാ യിരുന്നു. ഇതിനെതിരെ കെ ജി പി എ സെക്രട്ട റിയേറ്റ് മാർച്ച് ഉൾപ്പെടെ പ്രക്ഷോഭപരിപാടികൾ നടത്തിയെങ്കിലും നടപടി സ്വീകരിക്കാത്തതിനെ തുടർന്ന് ഹൈക്കോടതിയിൽ നൽകിയ നിയമ നടപടികൾ മുന്നോട്ട് പോകുകയാണ്.

### ഡ്യൂട്ടി സമയം

കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലെ 09 മുതൽ 05 വരെയും 10 മുതൽ 6 വേറെയും എന്ന ഉച്ച ഭക്ഷണ ഇടവേളയില്ലാത്ത അശാസ്ത്രീയമായ ഡ്യൂട്ടി സമയമാണ് ഫാർമസിസ്റ്റുകൾക്കുള്ളത്. തൊഴിൽ ഉടമകളുടെ കൊടിയ ചൂഷണത്തിന്റെ കാലഘട്ടത്തിൽ, എട്ടു മണിക്കൂർ ഡ്യൂട്ടി എന്നത് 1800 കളിൽ ചിക്കഗോ തെരുവീഥികളിൽ ഉയർന്ന മുദ്രാവാക്യമാണ്. അതിനു ശേഷം കാലമേറെ കഴിഞ്ഞു. മനുഷ്യസമൂഹം ഏറെ മുന്നേറി. സാങ്കേതിക വൈദഗ്ദ്യം ആവശ്യമായ മേഖലകളിൽ 5 മണിക്കൂർ ആയും, ഓഫീസുകളിൽ ഉൾപ്പെടെ 6 മണിക്കൂർ ആയുമൊക്കെ തൊഴിൽ സമയം ഏർപ്പെടുത്തിയിട്ട് പതിറ്റാണ്ടുകൾ ആയി.

1994 വരെ ഗ്രാമീണ ഡിസ്പെൻസറികളുടെയും, പി.എച്.സി കളുടെയും പ്രവർത്തി സമയവും ജീവനക്കാരുടെ ഡ്യൂട്ടി സമയവും രാവിലെ 8 മുതൽ ഉച്ചക്ക് 11.30 വരെയും ഉച്ചക്ക് ശേഷം 3.30 മുതൽ വൈകിട്ട് 05 വരെയും 5 മണിക്കൂർ ആയിരുന്നു. പിന്നീടത് രാവിലെ 8 മണി മുതൽ ഉച്ചക്ക് 1.30 മണി വരെയായി. പിന്നീട് രാവിലെ 09 മുതൽ ഉച്ചക്ക് 2 മണിയായും, വീണ്ടും രാവിലെ 09 മുതൽ ഉച്ചക്ക് 01 വരെയും ഉച്ചക്ക് 02 മുതൽ 03 വരെയും ആയും പരിഷ്കരിച്ചു. പിന്നീട് സംസ്ഥാനത്ത് പകർച്ചപ്പനി ഉൾപ്പെടെ പടർന്നപ്പോൾ ഒരു മണിക്കൂർ കൂടി വർധിപ്പിച്ചു വൈകി 4 മണി വരെയായി മാറ്റി. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വരുന്നത് വരെ ഏറെക്കാലം ഇതായിരുന്നു ആരോഗ്യ കേന്ദ്രങ്ങളുടെയും, ജീവനക്കാരുടെയും പ്രവർത്തി സമയം. നാട്ടിലെ സാധാരണ തൊഴിലാളികളുടെയും, എല്ലാ കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളുടെയും സമയം 6 മണിക്കൂർ ആണ് കുടുംബ ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് ഫീൽഡ് വർക്ക് ഉൾപ്പെടെ 6 മണിക്കൂർ ആണ് പ്രവർത്തി സമയം. ( 36 Hours / week). 24 മണിക്കൂറും പ്രവർത്തിക്കേണ്ട മേജർ ആശുപ്രതികളിലെ 3 ഷിഫ്റ്റും 8 മണിക്കൂർ ഡ്യൂട്ടിയും എല്ലാവരും അംഗീകരിക്കുന്നതാണ്. എന്നാൽ എഫ്.എച്.സികളിലെ ഫാർമസിസ്റ്റ് ഉൾപ്പെടെ ഏതാനും വിഭാഗക്കാരുടെ ഭക്ഷണ ഇടവേള പോലുമില്ലാത്ത ജോലി സമയത്തിലെ അപാകതകൾ പരിഹരിക്കപ്പെടേണ്ടതാണ്. ഒറ്റക്കെട്ടായ പ്രവർത്തനത്തിന്റെ അനിവാര്യത സർക്കാർ ഫാർമസിസ്റ്റുകളുടെ ഒറ്റക്കെട്ടായ പ്രവർത്തനമാണ് ഇതു വരെയുള്ള എല്ലാ നേട്ടങ്ങളുടെയും അടിസ്ഥാനം. ഒറ്റക്കെട്ടായി മുന്നോട്ട് പോയാൽ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യാനാവും. എന്നാൽ വിഭാഗീയതയുടെ വിഷവിത്തുകൾ എറിഞ്ഞു സർക്കാർ ഫാർമസിസ്റ്റുകളുടെ പ്രൊഫഷണൽ ഐക്യം തകർക്കാനുള്ള ശ്രമങ്ങൾ എക്കാലത്തും ഉണ്ടാവുകയും, നമുക്കിടയിൽ തന്നെയുള്ള ചുരുക്കം ചിലർ സ്വാർത്ഥ താൽപ്പര്യങ്ങളുടെ പേരിൽ അതിനു വശംവദരാവുകയും ചെയ്തിട്ടു അവരുടെയൊക്കെ കുൽസിത വൃത്തികളെ അതിജീവിച്ചാണ് നാം ഇന്നോളം മുന്നോട്ടു പോന്നിട്ടുള്ളത്.

ഫീൽഡ് വിഭാഗത്തിനും, ഹോസ്പിറ്റൽ വർക്കേഴ്സിനും സംഭവിച്ച ദുര്യോഗം നമുക്ക് മുന്നിലുണ്ട്. ഒരു കാലത്തു നല്ല സംഘടന ശേഷിയുണ്ടായിരുന്ന ഇവർ പിന്നീട് സ്വന്തം പ്രൊഫഷണൽ കൂട്ടായ്മകളെ വേണ്ടത്ര പരിഗണിക്കാതിരുന്നതിന്റെ ബാക്കിപത്രമാണ് ഇപ്പോൾ അനുഭവിക്കുന്നത്. ഇവരുടെ പ്രശ്നങ്ങൾ ശമ്പളകമ്മീഷനിൽ ഉൾപ്പെടെ വിവിധ കേന്ദ്രങ്ങളിൽ വേണ്ടരീതിയിൽ പരിഗണിക്കപ്പെടാതിരുന്നത് നാം കണ്ടു.

ഫാർമസിസ്റ്റുകളുടേത് കാറ്റഗറി സംഘടന എന്ന് ആക്ഷേപിക്കുന്നവരോട് അധ്യാപകരും നഴ്സ്മാരും ഒന്നും അതല്ലേ എന്നാണ് നമുക്ക് ചോദിക്കാനുള്ളത്. അതിനെയൊക്കെ അംഗീകരിക്കുന്നവർ സർക്കാർ ഫാർമസിസ്റ്റുമാർ പ്രൊഫഷണലായി സംഘടിക്കുമ്പോൾ മാത്രം നെറ്റി ചുളിക്കുന്നത് ന്യായമല്ല. ഫാർമസി പ്രഫഷനെ സംബന്ധിച്ചിടത്തോളം, ഈ പ്രഫഷനോട് അധികാരികളും, സമൂഹവും പുലർത്തുന്ന അവഗണന കൂടി തരണം ചെയ്തു കൊണ്ടു വേണം മുന്നോട്ട് നീങ്ങാൻ. പൂർവികർ നേടിത്തന്ന നേട്ടങ്ങൾ സംരക്ഷിക്കാനും, ശേഷിക്കുന്നവ നേടിയെടുക്കാനും, കാലാനുസൃതമായി പുതിയ മുദ്രാവാക്യങ്ങൾ ഉയർത്തി മുന്നേറാനും മുഴുവൻ സർക്കാർ ഫാർമസിസ്റ്റുമാരും ഒറ്റക്കെട്ടായി കെ ജി പി എ എന്ന പ്രഫഷണൽ പ്രസ്ഥാനത്തിന് പിന്നിൽ അണിനിരക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# കെ.ജി.പി.എ. ജില്ലാ ഭാരവാഹികൾ 2024

## ഇടുക്കി



കെ. എസ്. ശബരീശൻ
പ്രസിഡന്റ്



ജിഷ എ. ജെ.
സെക്രട്ടറി

## കോട്ടയം



അനിസുദ്ദീൻ എ.
പ്രസിഡന്റ്



സന്ദീപ് എസ്.
സെക്രട്ടറി

## ആലപ്പുഴ



പ്രകാശ് ജി.
പ്രസിഡന്റ്



ശ്രീകുമാർ കെ. ജി.
സെക്രട്ടറി

## പത്തനംതിട്ട



ഷൈജു ചെറിയാൻ
പ്രസിഡന്റ്



ഡോൾസി വർഗ്ഗീസ്
സെക്രട്ടറി

## കൊല്ലം



പ്രദീപ് എസ്.
പ്രസിഡന്റ്



ഡോ. ഡിവൈൻ പി. ഡാനിയൽ
സെക്രട്ടറി

## തിരുവനന്തപുരം



ശുഭ എൻ.
പ്രസിഡന്റ്



വേദവ്യാസൻ അരുൺ
സെക്രട്ടറി






വിവിധ ജില്ലകളിൽ നിന്നുള്ള കെ. ജി. പി. എ. ഫാർമസിസ്റ്റുമാർ ആലപ്പുഴ KSDPL പ്ലാന്റ് സന്ദർശിച്ചപ്പോൾ...

# കെ.ജി.പി.എ. ജില്ലാ സമ്മേളനങ്ങൾ



















Printed and Published by : M S Manoj Kumar, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837